# അറിവേറും കഥകൾ
# (ബാലസാഹിത്യം)
# ലീന.ജി.നായർ

---

## <u>1 ആത്മവിശ്വാസത്തിന്റെ പ്രതിഫലം</u>

മഹോദയപുരം രാജാവായിരുന്ന വിക്രവർമ്മന് ഒരിക്കൽ അയൽരാജ്യമായ വിജയപുരി സന്ദർശിക്കേണ്ടതായിവന്നു. സേനയും പരിവാരങ്ങളും ഇല്ലാതെ ഒറ്റയ്ക്കായിരുന്നു യാത്ര. അതും വേഷപ്രച്ഛന്നനായി.

കുറച്ചുദൂരം പിന്നിട്ടപ്പോൾ വഴിയിൽ ഒരു പാറ വീണു കിടക്കുന്നു. ഒരു കുതിരയ്ക്കു പോലും കടക്കാനാവാത്ത തരത്തിലാണ് കല്ലു വീണുകിടക്കുന്നത്. തനിയെ കല്ലുമാറ്റാൻ കഴിയില്ലെന്ന് രാജാവിന് ബോധ്യമായി. വഴിയാത്രക്കാർ പലരും തിരിച്ചുപോകുകയാണ്.

"മടങ്ങുകതന്നെ. അല്ലാതെ മറ്റു മാർഗമില്ല' രാജാവ് നിശ്ചയിച്ചു. അപ്പോൾ തലയിൽ വലിയ ഒരു ഭാണ്ഡവും പേറി ഒരു യുവാവ് അതുവഴിവന്നു.

കൂറ്റൻ പാറയുടെ അരികിലെത്തി അയാൾ ഒരു നിമിഷം നിന്നു. എന്നിട്ട് കല്ല് ഒരു തടികൊണ്ട് തള്ളിമാറ്റാൻ തുടങ്ങി. ആദ്യമൊന്നും അത് അനങ്ങിയില്ല. അപ്പോൾ അയാൾ അതിന്റെ അരികും മൂലയും തകർത്ത് വൃത്താകൃതിയിലാക്കി.

പിന്നീട് തള്ളി. ഉവ്വ്.. കല്ല് അനങ്ങുന്നുണ്ട്. അതു കണ്ടപ്പോൾ രാജാവും സഹായത്തിനെത്തി. ഒപ്പം മറ്റുള്ളവരും. കുറച്ചുസമയത്തെ അധ്വാനംകൊണ്ട് കല്ല് വഴിയിൽനിന്നും മാറ്റി. പെട്ടെന്നാണ് കല്ലുകിടന്ന ഭാഗത്ത് ഒരു കിഴി കിടക്കുന്നത് കണ്ടത്. രാജാവ് അതെടുത്ത് തുറന്നുനോക്കി. കുറച്ച് സ്വർണനാണയങ്ങൾ!

അദ്ദേഹം അത് കല്ല് മാറ്റാൻ മുന്നിട്ടുനിന്ന യുവാവിന് നൽകി.

"മറ്റുള്ളവർ കഴിയില്ലെന്ന് കരുതിയ ജോലി ആത്മവിശ്വാസത്തോടെ പൂർത്തിയാക്കിയതിനുള്ള പ്രതിഫലമാണിത്.

ആത്മവിശ്വാസവും എന്തും ചെയ്യാനുള്ള മനസ്സും ഉണ്ടെങ്കിൽ ഏതു പ്രതിസന്ധിയേയും അതിജീവിക്കാം. അതു തെളിയിച്ചതിനാൽ നിന്നെ നാം മഹോദയപുരത്തെ പുതിയ പടത്തലവനായി നിശ്ചയിച്ചിരിക്കുന്നു." രാജാവ് പറഞ്ഞു. അപ്പോൾ മാത്രമാണ് തങ്ങളുടെ മുന്നിൽ നിന്നത് വിക്രമവർമ്മ മഹാരാജാവയിരുന്നുവെന്ന് പ്രജകൾക്കുപോലും മനസ്സിലായത്.

## 2.നന്മയുടെ വില

ജിഞ്ചില്ലം കാട്ടിലെ ക്രൂരനായ രാജാവായിരുന്നു സടയൻ സിംഹം. വിശക്കുമ്പോൾ മാത്രമല്ല വിനോദത്തിനും സടയൻ മൃഗങ്ങളെ കൊന്നൊടുക്കുമായിരുന്നു. അവന്റെ ക്രൂരതയിൽ മൃഗങ്ങളെല്ലാം പൊറുതിമുട്ടി.പക്ഷേ, ഒരു ദിവസം

സടയൻ സിംഹത്തിന്റെ മരണവാർത്ത കേട്ടാണ് കാടുണർന്നത്. ഏതോ അജ്ഞാതരോഗമാണത്രേ കാരണം! കേട്ടവരെല്ലാം ഓടിയെത്തി.വന്നുചേർന്ന മൃഗങ്ങളോട് മന്ത്രിയായ ബില്ലുക്കുറുക്കൻ പറഞ്ഞു. "നാടുനീങ്ങിയ നമ്മുടെ രാജാവിനെപ്പറ്റി അനുശോചനപ്രസംഗങ്ങൾ നടത്താൻ ഞാൻ എല്ലാവരേയും ക്ഷണിക്കുന്നു. ഓരോ മൃഗങ്ങളുടേയും നേതാക്കന്മാർ മുന്നോട്ടു വന്നാലും!" . പക്ഷേ, ആരും മുന്നോട്ടു വന്നില്ല. അപ്പോൾ സടയന്റെ മകനായ ജടയൻ സിംഹം ബില്ലുക്കുറുക്കനോടു ചോദിച്ചു.

“മഹാമന്ത്രീ, നമ്മുടെ പിതാവിനെപ്പറ്റി അനുശോചനം അറിയിക്കാൻ ആരും മുന്നോട്ടുവരാത്തതെന്താണ്?” ബില്ലുക്കുറുക്കൻ പറഞ്ഞു. “ക്ഷമിക്കണം കുമാരാ... ജീവിച്ചിരിക്കുമ്പോൾ നല്ലതു ചെയ്താലേ, മരിച്ചു കഴിഞ്ഞാൽ നമ്മെപ്പറ്റി നല്ലതു പറയാൻ ആരെങ്കിലും കാണൂ. അങ്ങയുടെ പിതാവ് ക്രൂരമായ പലതും ചെയ്യുമ്പോൾ ഞാനെതിർത്തിരുന്നു. പക്ഷേ അദ്ദേഹം അത് കേട്ടില്ല. കുമാരാ.. അങ്ങാണെങ്കിൽ ക്രൂരത ചെയ്താൽ ആരും ഇഷ്ടപ്പെടില്ല. നല്ല മനസ്സിലേ, നല്ല ചിന്തയും നല്ല പ്രവൃത്തിയും ഉണ്ടാകൂ. അടുത്ത രാജാവാകുന്ന അങ്ങെങ്കിലും ഈ സത്യം മനസ്സിലാക്കുക.”

## 3.സ്നേഹം കണ്ടെത്തി.

യജമാനന്റെ വളർത്തുനായാണ് ചിങ്കു. എപ്പോഴും യജമാനന്റെയൊപ്പമാണ് അവന്റെ സഞ്ചാരം. പക്ഷേ കുറച്ചുനാളുകളായി അവനൊരു തോന്നൽ.

യജമാനന് തന്നോട് പഴയ സ്നേഹമില്ല!
അങ്ങനെയിരിക്കെ ഒരു ദിവസംയജമാനൻ
പശുവിനെ കറയ്ക്കുകയായിരുന്നു. പാൽ നിറച്ച
പാത്രത്തിനു മുകളിലൂടെ ചിങ്കു എടുത്തു
ചാടി.പാൽപാത്രത്തിനടുത്തേക്കു വന്ന പൂച്ചയെ
ഓടിക്കുകയായിരുന്നു അവന്റെ ലക്ഷ്യം. പക്ഷേ
അവന്റെ കാൽതട്ടി പാത്രം മറിഞ്ഞ് പാലെല്ലാം
നഷ്ടമായി. യജമാനന് ദേഷ്യം നിയന്ത്രിക്കാൻ
കഴിഞ്ഞില്ല.അയാൾ തൊട്ടടുത്തുകിടന്ന വടിയെടുത്ത്
ചിങ്കുവിനെ തലങ്ങും വിലങ്ങും അടിച്ചു. അവന്
സങ്കടമായി. യജമാനന് തന്നോട് ഒട്ടും സ്നേഹമില്ല.
അവർ ഉറപ്പിച്ചു. അന്നു രാത്രി യജമാനൻ മാല
ഊരിവച്ച് ഉറക്കമായ സമയം. അവൻ മാലയും
കടിച്ചെടുത്ത് വീടുവിട്ടു. "യജമാനനെ ഒരു പാഠം
പഠിപ്പിക്കണം.' അവൻ കരുതി.കുറച്ചുദൂരം
ചെന്നപ്പോൾ രണ്ടു കള്ളന്മാർ ചിങ്കുവിന്റെ പിറകെ
കൂടി. “നോക്കടാ... ആ നായയുടെ വായിൽ ഒരു മാല.
അത് നമുക്ക് കൈക്കലാക്കണം.”അവർ തീരുമാനിച്ചു.
കള്ളന്മാരിൽ ഒരുവൻ ഒരു കഷണം ഇറച്ചി
ചിങ്കുവിന്റെ നേർക്ക് വലിച്ചെറിഞ്ഞു.അവന്
സന്തോഷമായി.
"കണ്ടില്ലേ... തന്റെയജമാനനെക്കാൾ
സ്നേഹമുണ്ട് ഇവർക്ക്". അവൻ മാല അവർക്കു
നൽകി , പിന്നാലെ കുരച്ചുകൊണ്ട്
നടന്നു. കള്ളന്മാർക്ക്പേടിയായി.“ശല്യം ഇവൻ
കുഴപ്പമുണ്ടാക്കും”. ഒരുവൻ പറഞ്ഞു . ഉടൻ
രണ്ടാമൻ അവിടെ കിടന്ന ഒരു വടിയെടുത്ത്
ചിങ്കുവിന്റെ കാലിനിട്ട് ഒറ്റയടി. “ബൗ...ബൗ ...”

അവന് അനങ്ങാനേ കഴിഞ്ഞില്ല. അന്ന് രാത്രി ചിങ്കു കരഞ്ഞുകൊണ്ട് അവിടെത്തന്നെ കിടന്നു. "ചിങ്കു...ചിങ്കു ..." ആരുടെയോ ശബ്ദം കേട്ടാണ് കണ്ണു തുറന്നത് . മുന്നിൽ ചിരിച്ചുകൊണ്ടു നിൽക്കുന്ന യജമാനൻ. അയാൾ സ്നേഹത്തോടെ അവന്റെ ശരീരത്തിൽ തടവി

## 4.പാണ്ടനും കുഞ്ഞനും

പാണ്ടൻപൂച്ച പട്ടണത്തിലായിരുന്നു താമസം. അവന്റെ ചങ്ങാതി കുഞ്ഞൻപൂച്ച ഗ്രാമത്തിലും. ഒരിക്കൽ പാണ്ടൻ കുഞ്ഞൻപൂച്ചയെ കാണാൻ ഗ്രാമത്തിലെത്തി. കുഞ്ഞന്റെ താമസസ്ഥലം പാണ്ടന് വളരെ ഇഷ്ടമായി. കുറച്ചുകഴിഞ്ഞപ്പോൾ കുഞ്ഞൻ പറഞ്ഞു. "പാണ്ടാ... നമുക്കിനി എന്തെങ്കിലും കഴിച്ചിട്ടാകാം വർത്തമാനം." കുഞ്ഞൻ അവന് നാടൻ വിഭവങ്ങൾ നൽകി. ആഹാരം കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ പാണ്ടൻ പറഞ്ഞു. "ചങ്ങാതീ... ഈ ഗ്രാമത്തിൽനിന്നും കുറച്ചുനാൾ പട്ടണത്തിൽ വന്നു താമസിക്ക്. സുഖസൗകര്യങ്ങൾ നിറഞ്ഞ പട്ടണം നിനക്ക് തീർച്ചയായും ഇഷ്ടപ്പെടും." അങ്ങനെ ഒരു ദിവസം കുഞ്ഞൻ പട്ടണത്തിലെത്തി. തലയുയർത്തി നിൽക്കുന്ന കൂറ്റൻ കെട്ടിടങ്ങൾ, മനോഹരമായപാർക്കുകൾ. നിരത്തിലൂടെ ചീറിപ്പായുന്ന വാഹനങ്ങൾ. എല്ലാം കണ്ടും കേട്ടും കുഞ്ഞൻ നടന്നു. ഒടുവിൽ അവൻ പാണ്ടന്റെ വീട് കണ്ടെത്തി. തുറന്നുകിടന്നഗേറ്റിലൂടെ കുഞ്ഞൻ അകത്തുകയറിയതും ." ബൗ... ബൗ..." ഒരു നായയുടെ

കുര. പേടിച്ചുവിറച്ച കുഞ്ഞൻ തിരിഞ്ഞോടി. പാണ്ടൻ അതു കണ്ടു. "പേടിക്കേണ്ട ചങ്ങാതീ... ഇങ്ങോട്ടു പോരൂ..." അവൻ കുഞ്ഞനെയും കൊണ്ട് അകത്തേക്കു പോയി. മനോഹരമായ വീടുതന്നെ. എന്തൊരു വൃത്തിയും വെടിപ്പും. "പാണ്ടാ.. നീയൊരു ഭാഗ്യവാൻതന്നെ. നിനക്ക് ഇത്ര വലിയ നിലയിൽ എത്താനായല്ലോ."

പാണ്ടൻ കുഞ്ഞനെയും കൂട്ടി അടുക്കളയിൽ കടന്നു. പാത്രങ്ങളുടെ മൂടി മാറ്റി അവൻ മീനുകളും ഇറച്ചിക്കറികളും കുഞ്ഞന് നൽകി. എല്ലാം സ്വാദോടെ കഴിച്ചു കൊണ്ടിരിക്കുകയായിരുന്നു കുഞ്ഞൻ. "എല്ലാറ്റിനും നല്ല സ്വാദുണ്ട്. എന്തുകൊണ്ടും പട്ടണം കേമംതന്നെ." കുഞ്ഞൻ പറഞ്ഞുതീർന്നില്ല. ഒരു ഭയാനക ശബ്ദം അവിടെ മുഴങ്ങി.

"കള്ളപ്പൂച്ചേ... ഇത്രയും നാൾ നീ തനിച്ചായിരുന്നു കട്ടു തിന്നാൻ എത്തിയിരുന്നത്. ഇപ്പോൾ മറ്റു പൂച്ചകളേയും കൂട്ടി വന്നുതുടങ്ങി, അല്ലേ?" ഇരുമ്പുപൈപ്പുകൊണ്ട് അവർ പാണ്ടനേയും കുഞ്ഞനേയും മാറിമാറി അടിച്ചു. പാത്ര ങ്ങൾക്കിടയിലൂടെ ചാടിയോടാൻ കുറച്ചു ബുദ്ധിമുട്ടി. അതുവരെ പാണ്ടനും കുഞ്ഞനും അടിയെല്ലാം കൊണ്ടു. പുറത്തിറങ്ങിയപ്പോൾ കുഞ്ഞൻ പറഞ്ഞു. "പാണ്ടാ... ഒത്തിരി വിഭവങ്ങളൊന്നും ഇല്ലെങ്കിലും ഗ്രാമം തന്നാടാ നല്ലത്. സ്നേഹത്തോടെ അവർ നൽകുന്ന ആഹാരം മതി എനിക്ക്. പേടിക്കാതെ സമാധാനത്തോടെ ജീവിക്കാം." കുഞ്ഞൻ നടന്നകന്നു.

## 5.ശില്പവും ഭടനും...

ജപ്പാനിലെ കുസോറിക്ക എന്ന രാജ്യത്തെ രാജാവായിരുന്നു വെറോസിലിൻ. രാജ്യകാര്യങ്ങളിലും സത്പ്രവൃത്തികളിലും പേരുകേട്ടവനായിരുന്നു അദ്ദേഹം. പക്ഷേ വലിയ മുൻകോപിയായിരുന്നു വെറോസിലിൻ. നിസാര കാര്യങ്ങൾക്കു പോലും പൊട്ടിത്തെറിക്കും. എന്നാൽ വൈകാതെ ശാന്തനാവുകയും ചെയ്യും. അങ്ങ നെയിരിക്കെ രാജ്യത്തെ പ്രശസ്തശില്പിയായ ജെമാറോ രാജാവിന്റെ ഒരു കൂറ്റൻ ശില്പം പണിതീർത്തു. അതുമായി അദ്ദേഹം കൊട്ടാരത്തിലെത്തി. രാജാവിന് അത് വളരെയധികം ഇഷ്ടമായി. പ്രവേശനകവാടത്തിൽ തന്നെ അദ്ദേഹം ആ ശില്പം സ്ഥാപിച്ചു. കണ്ടവരെല്ലാം ശില്പ ത്തെ പുകഴ്ത്തി. ഒരു ദിവസം കൊട്ടാരം പരിചാരകനായ മാസൂം കൊട്ടാരത്തിലേക്ക് ഓടിയെത്തി. അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്ന കുന്തമുനകൊണ്ട് ശില്പത്തിന്റെ വലംകൈ അടർന്നുവീണു. അതറിഞ്ഞ രാജാവ് കോപാകുലനായി. “എന്റെ ശില്പത്തെ തകർത്തവൻ എന്നെ അപമാനി ക്കുകയാണ് ചെയ്തത്. ആ തെമ്മാടിയുടെ വലതുകൈ ഉടൻ അറുത്തുമാറ്റിൻ.” മുസൂമിന്റെ വലംകൈ ഭടന്മാർ അറുത്തുമാറ്റി.

നാളുകൾക്കുശേഷം മുസൂം കൊട്ടാരത്തിലെത്തി. മഹാരാജാവിന്റെ പ്രതിമ അപ്പോഴും കൊട്ടാരത്തിലുണ്ട്.അടർന്നുവീണ അതിന്റെ കൈപ്പത്തി ശരിയാക്കിയിരിക്കുന്നു. ഒരു കേടുപാടും

സംഭവിച്ചതാണെന്ന് തോന്നില്ല. മുസൂം അതിന്റെ കൈപ്പത്തിയിലൂടെ വിരലോടിച്ചു. അപ്പോഴാണ് രാജാവ് അവിടേക്കു വന്നത്. മുസൂമിനെ കണ്ടതും രാജാവ് പറഞ്ഞു. "മുസൂം... എന്റെ പ്രതിമയ്ക്ക് തകരാറു സംഭവിച്ചതാണെന്ന് ഇപ്പോൾ ആരും പറയില്ലല്ലോ. ഞാനത് ആ ശില്പിയെക്കൊണ്ടുതന്നെ ശരിയാക്കി." അപ്പോൾ മുസൂം പറഞ്ഞു. "അതെ പ്രഭോ... അങ്ങയുടെ ശില്പം ഇപ്പോൾ പഴയതിലും മനോഹരമായിരിക്കുന്നു. പക്ഷേ ആ തെറ്റിന് അങ്ങു നൽകിയ ശിക്ഷ എന്നെ കൂടുതൽ വികൃതമാക്കുകയാണ് ചെയ്തത്. അതിനി ഒരിക്കലും ശരിയാകാൻ കഴിയില്ല." അപ്പോഴാണ് രാജാവ് മുസൂറൂമിന്റെ വലംകൈ ശ്രദ്ധിച്ചത്. തന്റെ മുൻകോപം മറ്റുള്ളവരിലുണ്ടാക്കുന്ന വേദന അദ്ദേഹത്തിന് ബോധ്യമായി. പിന്നീടൊരിക്കലും അദ്ദേഹം അമിതമായി കോപിച്ചിട്ടില്ല.

# 6.രാജാവിന്റെ സ്വർണമാല

ഒരു വിറകുവെട്ടിയായിരുന്നു വടുതപ്പൻ. ദിവസവും രാവിലെ അയാൾ വിറകുവെട്ടാനിറങ്ങും. അതിൽനിന്നും കിട്ടുന്ന പണംകൊണ്ട് വളരെ അരിഷ്ടിച്ചാണ് അയാൾ കഴിഞ്ഞിരുന്നത്.

പതിവുപോലെ അന്നും വിറകുവെട്ടിക്കൊണ്ടിരിക്കുകയായിരുന്നു വടുതപ്പൻ. അപ്പോഴാണ് തൊട്ടടുത്തുള്ള മരച്ചുവട്ടിലിരുന്ന് ധ്യാനിക്കുന്ന ഒരു സ്വാമിയെ കണ്ടത്. "സ്വാമിമാർ ദിവ്യന്മാരാണെന്നാണല്ലോ കേട്ടിരിക്കുന്നത്. അദ്ദേഹത്തെ വണങ്ങി എന്തേലും സഹായം

ആവശ്യപ്പെടാം." വടുതൻ തീരുമാനിച്ചു. താമസിച്ചില്ല. വടുതപ്പൻ സ്വാമിയുടെ അടുത്തെത്തി. "സ്വാമീ... ഞാനൊരു മരംവെട്ടിയാണ്. വളരെ കഷ്ടപ്പെട്ടാണ് ജീവിക്കുന്നത്. അങ്ങ് എന്നെയൊന്ന് സഹായിക്കണം." വടുതപ്പൻ പറഞ്ഞു. സ്വാമി തൊട്ടടുത്തു കിടന്ന ഒരു കല്ലെടുത്ത് മന്ത്രം ചൊല്ലി വടുതപ്പന് നൽകി.

"ഇതാ ഇപ്പോൾ ഇതൊരു മാന്ത്രികക്കല്ലായി മാറിയിരിക്കുന്നു. നീ ഇത് കൈയിൽ വച്ച് എന്താഗ്രഹിച്ചാലും ഈ മാന്ത്രികക്കല്ല് സാധിച്ചുതരും."

"ഇത് സത്യമാണോ എന്നറിയണം." വടുതപ്പൻ മാന്ത്രികക്കപ്പ് കൈയിൽവച്ച് പറഞ്ഞു. "ഈശ്വരാ... എനിക്ക് വയറു നിറയെ ഭക്ഷണം നൽകണേ." പറഞ്ഞുതീർന്നില്ല. മുന്നിൽ പലതരത്തിലുള്ള ഭക്ഷണങ്ങൾ നിരന്നു. വടുതപ്പന് സന്തോഷമായി. മാന്ത്രികക്കല്ലിന്റെ സഹായത്താൽ വടുതപ്പൻ പണക്കാരനായി. അയൽക്കാർ അതുകണ്ട് അമ്പരന്നു.

"ഹോ... കണ്ടില്ലേ... മരംവെട്ടി നടന്ന വടുതപ്പൻ എത്ര പെട്ടെന്നാണ് പണക്കാരനായത്. എന്തായിരിക്കും ഇതിന്റെ ഗുട്ടൻസ്?" അവർ വടുതപ്പനോട് കാര്യം തിരക്കി. വടുതപ്പൻ ഒഴിഞ്ഞുമാറി.
അങ്ങനെയിരിക്കെ ഒരു ദിവസം പട്ടണത്തിലേക്കുള്ള യാത്രയിലായിരുന്നു വടുതപ്പൻ.അപ്പോഴാണ് രാജാവും പരിവാരവും അതുവഴി വന്നത്. രാജാവിന്റെ കഴുത്തിലെ വജ്രമാല കണ്ടപ്പോൾ വടുതപ്പന് ഒരാഗ്രഹം. "ആ മാല കിട്ടിയിരുന്നെങ്കിൽ".

അവൻ മാന്ത്രികക്കല്ലെടുത്ത് പ്രാർത്ഥിച്ചു. "രാജാവിന്റെ വജ്രമാല എനിക്കു കിട്ടണേ." അങ്ങനെ മാല വടുതപ്പന്റെ കഴുത്തിലായി. നീരാട്ടിനിറങ്ങിയപ്പോഴാണ് മാല കാണാനില്ലെന്ന വിവരം രാജാവറിയുന്നത്. മാല തേടി ഭടന്മാർ നാലുദിക്കിലും പാഞ്ഞു. ഒടുവിൽ അവർ വടുതപ്പനെ പിടികൂടി. തന്റെ അത്യാഗ്രഹമാണ് കുഴപ്പത്തിനെല്ലാം കാരണമായതെന്ന് വടുതപ്പന് ബോധ്യമായി. പക്ഷേ, അപ്പോഴേക്കും അയാൾ തുറുങ്കിലായിരുന്നു.

# 7.വിജയിക്കാനുള്ള തന്ത്രം

മാകന്ദിയിലെ രാജാവായിരുന്നു ധർമേന്ദ്രൻ. വീര ശൂര പാരാക്രമിയായിരുന്നു അദ്ദേഹം. തികഞ്ഞ അഭ്യാസിയും. അയൽരാജ്യത്തെ വീരവർമ്മൻ പലതവണ മാകന്ദിയെ തോല്പിക്കാൻ പടനയിച്ചതാണ്. പക്ഷേ, അപ്പോഴെല്ലാം ധർമേന്ദ്രന് മുന്നിൽ ദയനീയമായി പരാജയപ്പെടേണ്ടിവന്നു.

അങ്ങനെയിരിക്കെ ധർമേന്ദ്രരാജൻ നാടുനീങ്ങി. അദ്ദേഹത്തിന്റെ പുത്രൻ ജയേന്ദ്രൻ ഭരണമേറ്റു.

"ഹഹഹ... ഇതുതന്നെ അവസരം. ജയേന്ദ്രനെ പരാജയപെടുത്തി മാകന്ദി കീഴടക്കണം!" വീരവർമ്മൻ തീരുമാനിച്ചു. അദ്ദേഹം മാകന്ദിയിലേക്ക് പട നയിച്ചു. തന്ത്രശാലിയായ വീരവർമനു മുന്നിൽ പിടിച്ചുനിൽക്കാൽ ജയേന്ദ്രനും സൈന്യത്തിനും കഴിഞ്ഞില്ല. "നമുക്ക് തല്ക്കാലം പിന്തിരിയാം. എന്നിട്ട് ഏതെങ്കിലും സുരക്ഷിത സ്ഥാനത്തേക്ക്

മാറുന്നതാണ് ബുദ്ധി." ജയേന്ദ്രൻ മന്ത്രിയെ അറിയിച്ചു. പക്ഷേ പിൻവാങ്ങുന്നതിൽ മന്ത്രിക്കും സേനാനായകനും താല്പര്യമുണ്ടായിരുന്നില്ല. "അത് തികഞ്ഞ ഭീരുത്വമല്ലേ കുമാരാ... നമുക്ക് പൊരുതി മരിക്കാം. അതാണ് ധീരത." മന്ത്രി പറഞ്ഞു. നോക്കിയെങ്കിലും വഴങ്ങാൻ ജയൻ തയ്യാറായില്ല. ഒടുവിൽ അവർ ശത്രുക്കളുടെ കൈയിൽനിന്നും രക്ഷപ്പെട്ട് കാട്ടിൽ അഭയം തേടി. വീരവർമൻ മാകന്ദി കീഴടക്കി തങ്ങളുടെ രാജാവ് പേടിച്ചു പിന്തിരിഞ്ഞതറിഞ്ഞ് ജനങ്ങൾ ദുഃഖിച്ചു. "കഷ്ടം... ധീരനും വീരനുമായിരുന്ന ധർമേന്ദ്ര രാജാവിന്റെ പുത്രൻ ഒരു ഭീരുവായല്ലോ...

ജനങ്ങൾ രാജാവിനെ കുറ്റപ്പെടുത്തി. എന്നാൽ കാട്ടിലെ ഒളിസങ്കേതത്തിൽ ജയേന്ദ്രൻ പുതിയ സൈന്യത്തിന് രൂപം കൊടുക്കുകയായിരുന്നു. അതിർത്തി ഗ്രാമങ്ങളിലെ ജനങ്ങളെ സംഘടിപ്പിച്ചാണ് ജയേന്ദ്രൻ പുതിയ സൈന്യം തീർത്തത്. അവർക്ക് കഠിന പരിശീലനം നൽകി. അയൽരാജാക്കന്മാരുടെ സഹായവും തേടി സൈന്യം ശക്തി പ്രാപിച്ചപ്പോൾ ജയേന്ദ്രൻ വീരവർമ്മനെതിരെ പട നയിച്ചു. അപ്രതീക്ഷിതമായ യുദ്ധത്തിൽ വിരവർമ്മന് തോല് വി സമ്മതിക്കേണ്ടി വന്നു. ജയേന്ദ്രൻ വീണ്ടും മാകന്ദിയിലെ രാജാവായി. അപ്പോൾ അദ്ദേഹം മന്ത്രിയോട് പറഞ്ഞു.

"അന്ന് നമ്മൾ പിന്മാറിയതുകൊണ്ട് നമുക്കിപ്പോൾ ജയിക്കാൻ കഴിഞ്ഞു. പിൻവാങ്ങൽ ഭീരുത്വമല്ല. വിജയിക്കാനുള്ള കരുത്തുനേടൽ കൂടിയാണ്."

അക്കാര്യം വൈകിയാണെങ്കിലും മന്ത്രിക്കും ജനങ്ങൾക്കും മനസ്സിലായി.

# 8.ചിത്തിരൻ നേതാവായാൽ

പണ്ടുപണ്ട് നേത്രാവകം എന്നൊരു കാടുണ്ടായിരുന്നു ആ കാട്ടിൽ ഉക്രു എന്നൊരു മാൻകുട്ടി താമസിച്ചിരുന്നു. എല്ലാവരുടേയും ഓമനയായിരുന്നു അവൻ. മാനുകളുടെ നേതാവും അവനായിരുന്നു. വികൃതിയായ ചിത്തിരൻ മാനിന് ഉക്രുവിനെ ഇഷ്ടമായിരുന്നില്ല. അവൻ തരംകിട്ടുമ്പോഴെല്ലാം ഉക്രു വിനെ ഉപദ്രവിക്കുമായിരുന്നു. അങ്ങനെയിരിക്കെ കാട്ടിൽ കൊടിയ വേനൽക്കാലമെത്തി. തോടും കുളവും വറ്റിവരണ്ടു. കാട്ടിലെ ഒരു പ്രദേശത്ത് ഒരു ഉറവക്കുളമുണ്ടായിരുന്നു. ഉക്രുവിന് മാത്രമേ ആ സ്ഥലം പരിചയമുണ്ടായിരുന്നുള്ളൂ. അവൻ കൂട്ടുകാ രെയുംകൊണ്ട് അതിനടുത്തേക്ക് താമസം മാറ്റി. വയറുനിറയെ വെള്ളം കുടിച്ച് അവർ അവിടെ സുഖമായി കഴിഞ്ഞു. അവരുടെ കൂട്ടത്തിൽ ചിത്തിരനും ഉണ്ടായിരുന്നു. "ഉക്രുവിനെ കുടുക്കാൻ ഇതിലും നല്ല അവസരം ഇനി കിട്ടാനില്ല." ചിത്തിരൻ തീരുമാനിച്ചു.അവൻ ആനകളുടെ നേതാവായ സുബ്ബനെ കണ്ടു."ചേട്ടാ... ഉറവ വറ്റാത്ത കുളമുണ്ട്. എന്നെ മാനുകളുടെ തലവനാകാൻ സഹായിച്ചാൽ അത് ഞാൻ കാട്ടിത്തരാം." സുബ്ബൻ സമ്മതിച്ചു. ചിത്തിരൻ കാട്ടാനക്കൂട്ടത്തെയുംകൊണ്ട് കുളക്കരയി ലെത്തി. ആനകൾ കുളത്തിലെ വെള്ളമെല്ലാം കുടിച്ചു തീർത്തു. അപ്പോൾ ചിത്തിരൻ അവരുടെ അടുത്തെത്തി.

“എന്നെ മാനുകളുടെ തലവനാകാൻ സഹായിക്ക്...” പക്ഷേ സുബ്ബനും കൂട്ടരും ഒന്നും മിണ്ടാതെ സ്ഥലംവിട്ടു. ഉക്രു അന്നു വൈകിട്ട് ചങ്ങാതിമാരെയെല്ലാം വിളിച്ചു ചേർത്തു.

“കാട്ടാനക്കൂട്ടം ചവിട്ടിമെതിച്ച് നമ്മുടെ കുളത്തിലെ ഉറവക്കണ്ണുകളെല്ലാം അടഞ്ഞുപോയി. എത്രയും വേഗം വെള്ളമുള്ള സ്ഥലം കണ്ടെത്തണം. അന്നുതന്നെ അവർ കാടുവിട്ടു. ഇതൊന്നും ചിത്തിരൻ അറിഞ്ഞില്ല. അവൻ മടങ്ങിയെത്തുമ്പോൾ ചങ്ങാതിമാരെയൊന്നും കാണാനില്ല. "എന്നാലിനി അല്പം വെള്ളം കുടിച്ച് വിശ്രമിക്കാം.' ചിത്തിരൻ കരുതി.കുളത്തിലെത്തിയപ്പോൾ ഒരു തുള്ളി വെള്ളമില്ല. വെള്ളമില്ലാത്തതിനാൽ ചങ്ങാതിമാരെല്ലാം കാടുപേക്ഷിച്ചു പോയെന്ന് ചിത്തിരന് മനസ്സിലായി. എല്ലാം തന്റെ അഹങ്കാരത്തിന്റെ ഫലമാണെന്ന് അപ്പോഴാണ് ചിത്തിരന് ബോധ്യമായത്.

## 9.കൂടുതൽ കരുത്ത്

നല്ലിളം കാട്ടിൽ രണ്ടു കുറുക്കന്മാർ താമസിച്ചിരുന്നു. ചെമ്പനും ചിമ്പുവും. ചെമ്പന് ചിമ്പുവിനോട് കടുത്ത അസൂയയാണ്. “ഹും.. ചിമ്പുവിനെക്കാൾ കരുത്തും ആരോഗ്യവും എനിക്കാണ്. അവനെ അതൊന്നു തെളിയിച്ചുകൊടുക്കണം.' ചെമ്പൻ തീരുമാനിച്ചു.ഒരു ദിവസം ചെമ്പൻ പറഞ്ഞു. “എടാ ചിമ്പു. ഇന്ന് ഞാൻ തനിച്ച് വേട്ടയ്ക്കു പോകാം. നീ ഭക്ഷണം കഴിക്കാൻ തയ്യാറായിരുന്നോ..” ചിമ്പു തടയാൻ ശ്രമിച്ചെങ്കിലും ചെമ്പൻ വകവച്ചില്ല. അവൻ തനിയെ കാട്ടിലേക്ക്

പുറപ്പെട്ടു. കുറച്ചുദൂരം ചെന്നപ്പോഴതാ ഒരു കുഞ്ഞാട് ചാടിത്തുള്ളി വരുന്നു.

“നിൽക്കടീ.... അവിടെ... എന്റെ ഇന്നത്തെ ആഹാര മാണു നീ...” അതുകേട്ട് ആദ്യമൊന്ന് ഭയന്നെങ്കിലും കുഞ്ഞാട് ധൈര്യം കൈവിട്ടില്ല. “യ്യോ.. ചേട്ടാ... എന്നെ കിട്ടിയിട്ട് ചേട്ടനെന്തു ചെയ്യാനാ... എന്റെ പിന്നാലെ തടിച്ചുകൊഴുത്ത ഒരുത്തൻ വരുന്നുണ്ട്. അവനെ പിടിച്ചാൽ ചേട്ടന് ഒരാഴ്ച സുഖമായി ശാപ്പിടാം.” “ദേ... അതു നല്ല കാര്യം തന്നെ. എങ്കിൽ ഇവനെ വിട്ടേക്കാം.” ചെമ്പൻ ആലോചിച്ചു. “ശരി... ശരി. എങ്കിൽ നീ പൊയ്ക്കോ.” ചെമ്പൻ പറഞ്ഞു. അതുകേട്ടതും ആട്ടിൻകുട്ടി അവിടെനിന്നും രക്ഷ പ്പെട്ടു. ചെമ്പൻ മുഴുത്തുകൊഴുത്ത ആട്ടിൻകുട്ടി വരാൻ കാത്തിരുന്നു. കുറച്ചു കഴിഞ്ഞപ്പോഴതാ വരുന്നു ഒരു മെഴുത്തു കൊഴുത്ത കാട്ടാട്!. “ഹും.. ഇവൻതന്നെ എന്റെ ഇന്നത്തെ ഇര.” ചെമ്പൻ കാട്ടാടിന്റെ മുന്നിലേക്ക് ചാടി.കലി പൂണ്ട കാട്ടാട് ചെമ്പന്റെ വയറിലും മുതുകിലും കുത്തോടുകുത്ത്!

“യ്യോ... മ്മോ... വേദനകൊണ്ടു പുളഞ്ഞ ചെമ്പൻ അവിടെനിന്നും സ്ഥലം വിട്ടു. വീട്ടിലെത്തിയപ്പോൾ ചിമ്പു പറഞ്ഞു. “ചെമ്പാ... വീറും വാശിയും നല്ലതുതന്നെ. പക്ഷേ അത് അപകടത്തിൽ വീഴാതെ നോക്കണം." അതുകേട്ട് ചെമ്പൻ നാണിച്ചു തലതാഴ്ത്തി.

## 10.വർഷപുരിയിലെ കച്ചവടം

വിക്രമദത്തനും ചന്ദ്രദത്തനും വ്യാപാരികളായിരുന്നു. നാട്ടിൽത്തന്നെയായിരുന്നു അവരുടെ കച്ചവടം. അങ്ങനെയിരിക്കെ കച്ചവടം നന്നായി കുറഞ്ഞു. അപ്പോൾ വിക്രമദത്തൻ പറഞ്ഞു.

“ചങ്ങാതീ.... മറ്റേതെങ്കിലും രാജ്യത്തുപോയി കച്ചവട ചെയ്താലേ ഇനി നമുക്ക് രക്ഷയുള്ളൂ.” ചന്ദ്രദത്തനും അത് സമ്മതിച്ചു. അങ്ങനെ അവർ ദിവസങ്ങളോളം യാത്ര ചെയ്ത് വർഷപുരി എന്ന ദേശത്തെത്തി. വളരെ മനോഹരമായ പ്രദേശമായിരുന്നു അത്. പക്ഷേ അവിടെ പട്ടണങ്ങളോ കച്ചവടകേന്ദ്രങ്ങളോ ഇല്ല. അവർ ദൂരെയുള്ള സ്ഥലങ്ങളിൽ നിന്നും സാധനങ്ങൾ വാ ങ്ങിക്കൊണ്ടു വരികയായിരുന്നു പതിവ്.

“ഇവിടെ കച്ചവടം നടത്തിയാൽ നമ്മൾ രക്ഷപ്പെടും. നമുക്ക് ഇന്നുതന്നെ നാട്ടിൽ പോയി കച്ചവടസാധനങ്ങൾ വാങ്ങിക്കൊണ്ടുവരാം." ചന്ദ്രദത്തൻ പറഞ്ഞു. പക്ഷേ വിക്രമദത്തൻ തടഞ്ഞു. “ഒന്നുരണ്ടു ദിവസം നമുക്കീ പ്രദേശമൊക്കെ ഒന്നു കണ്ടുപഠിച്ചിട്ടുപോരേ അതൊക്കെ ചെയ്യാൻ?” അതുകേട്ട് ചന്ദ്രദത്തൻ പൊട്ടിച്ചിരിച്ചു.

“മണ്ടാ.. നമ്മൾ ഇവിടുത്തെ ഭംഗി കാണാനോ നാട്ടുകാരെക്കുറിച്ച് പഠിക്കാനോ അല്ല വന്നത്. കച്ചവടം ചെയ്യാനാണ്.” അതിനാൽ ഞാൻ ഇന്നുതന്നെ നാട്ടിലേക്ക് പോവുകയാണ്. ഉടൻ സാധനങ്ങളുമായി മടങ്ങിയെത്തും.”

വൈകാതെ ചന്ദ്രദത്തൻ നാട്ടിലേക്ക് പോയി. ധാരാളം സാധനങ്ങളുമായി കുതിരവണ്ടികളിൽ വർഷപുരിയി ലെത്തി. പക്ഷേ ആ കാഴ്ച ചന്ദ്രദത്തനെ ഞെട്ടിച്ചു.

വർഷപുരിയാകെ വെള്ളം കയറി മൂടിക്കിടക്കുന്നു. "ഈശ്വരാ എന്താണിത്. ഞാനിനി ഈ സാധനങ്ങളൊക്കെ എന്തുചെയ്യും." ചന്ദ്രദത്തൻ തളർന്നിരുന്നു. അപ്പോൾ വിക്രമദത്തൻ എത്തി. ചങ്ങാതിയെ കണ്ടപ്പോൾ വിക്രമദത്തൻ പൊട്ടിക്കരഞ്ഞു. "വിഷമിക്കേണ്ട ചങ്ങാതീ... ഇവിടെ ഇടയ്ക്കിടെ വെള്ളപ്പൊക്കമുണ്ടാകുക പതിവാണ്. അതിനാലാണ് കെട്ടിടങ്ങളും കച്ചവടസ്ഥാപനങ്ങളും ഇല്ലാതായത്. വിഷമിക്കേണ്ട. ഒന്നുരണ്ടാഴ്ച കഴിയുമ്പോൾ വെള്ള മിറങ്ങും. അപ്പോൾ കച്ചവടം തുടങ്ങാം." വിക്രമദത്തൻ പറഞ്ഞു. ചന്ദ്രദത്തന് ആശ്വാസമായി."ഇനിയൊരിക്കലും ഞാൻ എടുത്തുചാടി തീരുമാനങ്ങൾ എടുക്കില്ല." ചന്ദ്രദത്തൻ തീരുമാനിച്ചു.

# 11.ആശ്രമത്തിലെത്തിയ പാമ്പ്

ദക്ഷിണാഫ്രിക്കയിലെ നൈനിറ്റാളിൽ ഗാന്ധിജി ഒരു ആശ്രമം സ്ഥാപിച്ചിരുന്നു. ഒരു നദിക്കരയിലായിരുന്നു അദ്ദേഹത്തിന്റെ ആശ്രമം. അതുകൊണ്ടുതന്നെ അവിടെ പലപ്പോഴും പാമ്പുകളുടെ ശല്യം ഉണ്ടാകാറുണ്ട്.ഒരു ദിവസം ആശ്രമവളപ്പിൽനിന്നും അന്തേവാസികൾ ഒരു പാമ്പിനെ പിടികൂടി. അവർ അതിന്റെ വാലിലും തലയിലും കുരുക്കിട്ട് ഒരു മരത്തിൽ ബന്ധിച്ചു.ചിലർ അതിനെ ഉപദ്രവിക്കാനും മറന്നില്ല. ഈ സമയത്ത് ഗാന്ധിജി ആശ്രമത്തിലെത്തി. "എന്താ... എന്താണെല്ലാവരും പരിഭ്രമിച്ചിരിക്കുന്നത്?" അദ്ദേഹം തിരക്കി.

“ബാപ്പുജീ... ഉഗ്രവിഷമുള്ള ഒരു പാമ്പിനെ നമ്മുടെ ആശ്രമവളപ്പിൽനിന്നും പിടികൂടി.” ഒരാൾ പറഞ്ഞു. “ഓഹോ... എന്നിട്ട് പാമ്പെവിടെ?” ഗാന്ധിജി തിരക്കി. “ദേ... ആ മരച്ചുവട്ടിൽ കെട്ടിയിട്ടുട്ടുണ്ട്. ” ആശ്രമവാസികൾ ഗാന്ധിജിയേയും കൂട്ടി മരച്ചുവട്ടിലെത്തി. “കഷ്ടം.... നിങ്ങളെന്തൊരു ക്രൂരതയാണീ കാട്ടിയത്. അതിനൊന്ന് അനങ്ങാൻ പോലും കഴിയുന്നില്ല. വേഗം അതിനെ അഴിച്ചുവിടൂ...” അദ്ദേഹം ആവശ്യപ്പെട്ടു. അതുകേട്ട് ആശ്രമവാസികൾ

അമ്പരപ്പോടെ പരസ്പരം നോക്കി.“ബാപ്പുജീ... അത് ഉഗ്രവിഷമുള്ള പാമ്പാണ് അതിനെ അഴിച്ചുവിട്ടാൽ അപകടമാണ്.” മറ്റൊരാൾ പറഞ്ഞു.

“കുഴപ്പമില്ല... നിങ്ങൾ ഞാൻ പറഞ്ഞത് അനുസരിക്കൂ. അതിനെ അഴിച്ചുവിടൂ...” ബാപ്പുജി വീണ്ടും ആവശ്യപ്പെട്ടു. അപ്പോൾ അതിലൊരാൾ മുന്നോട്ടുവന്ന് പാമ്പിന്റെ കെട്ടുകൾ അഴിച്ചുവിട്ടു. അത് പതുക്കെ വാലനക്കി സന്തോഷവും നന്ദിയും പ്രകടിപ്പിച്ചു.

“കണ്ടില്ലേ... നാമെന്തിനാണ് ഈ സാധുവിനെ ഭയപ്പെടുന്നത്. അങ്ങോട്ട് ഉപദ്രവിക്കുന്നവരെ മാത്രമേ അത് ഉപദ്രവിക്കൂ...” ഗാന്ധിജി അതിന്റെ പുറത്ത് തലോടി. അത് സാവധാനം ഇഴഞ്ഞ് നദിയിലേക്കിറങ്ങി. ആ കാഴ്ച കണ്ട് അന്തേവാസികൾ സ്തബ്ധരായി.

## 12.ശിവപുരത്തെ ശിഷ്യന്മാർ...

ശിവപുരത്തെ ശിരോദത്തഗുരുവിന് മൂന്ന് ശിഷ്യന്മാരുണ്ടായിരുന്നു. ചാമനും ചെമ്പനും

മുരുകപ്പനും. സമർത്ഥരായിരുന്നു അവർ. പക്ഷേ ഒരു കുഴപ്പം മാത്രം! എപ്പോഴും എന്തെങ്കിലും കാരണമുണ്ടാക്കി അവർ വഴക്കിടും.

അങ്ങനെയിരിക്കെ ഒരിക്കൽ ഗുരു ശിഷ്യന്മാരെ നാടുചുറ്റാനായി പറഞ്ഞയച്ചു. പോകുന്നതിനുമുമ്പ് അദ്ദേഹം ശിഷ്യന്മാരെ അരികിൽ വിളിച്ചു.

"അനുഭവജ്ഞാനം നേടുന്നതിനാണ് ഈ യാത്ര. അതിനാൽ പരസ്പരം വഴക്കിടരുത്."

ശിഷ്യന്മാർ സമ്മതിച്ചു. കാടും മേടും കടന്ന് ശിഷ്യന്മാർ തൊട്ടടുത്ത രാജ്യത്തെത്തി. കാട്ടാറിനരികിലൂടെയായിരുന്നു യാത്ര. പെട്ടെന്ന് ഭയാനക ശബ്ദത്തോടെ ഒരു പക്ഷി അവരുടെ തലയ്ക്കു മുകളിലൂടെ പറക്കാൻ തുടങ്ങി. കുറച്ചു നേരം അത് അവർ നടക്കുന്നതിന് മുന്നിൽ സ്ഥാനം പിടിച്ചു. വീണ്ടും കരയാൻ തുടങ്ങി.

"നാശം.. എറിഞ്ഞുവീഴ്ത്തതിനെ..." ചെമ്പൻ പറഞ്ഞു. "എറിയുമ്പോൾ നടുവിനു തന്നെ കൊള്ളണം. എങ്കിലേ വീഴൂ..." മുരുകപ്പൻ പറഞ്ഞു.

"ചെ... വിഡ്ഢിത്തം പറയാതെ... തലയ്ക്കുതന്നെ എറിയണം. എങ്കിലും വേഗം വീഴും." ചാമനും വിട്ടുകൊടുത്തില്ല."കാലിനു മുകളിലാണ് പക്ഷിയുടെ മർമ്മം. ഏറ് അവിടെ കൊള്ളണം! ചെമ്പൻ പറഞ്ഞു. അവർ തർക്കമായി."എങ്കിൽ ഒരു കാര്യം ചെയ്യ്. നമുക്കേതെങ്കിലും പണ്ഡിതനോട് വിവരം തിരക്കാം." അവർ പണ്ഡിതനെ അന്വേഷിച്ചു നടന്നു. ഒടുവിൽ ചെന്നെത്തിയത് മഹാപണ്ഡിതനായ

ചാർക്കണ്ഡന്റെ അടുത്ത്. ചങ്ങാതിമാർ വിവരമെല്ലാം ചാർക്കണ്ഡനെ ധരിപ്പിച്ചു. എല്ലാം കേട്ടശേഷം അദ്ദേഹം പറഞ്ഞു.

"മക്കളേ... നിങ്ങൾ മൂവരും പറഞ്ഞത് ശരിയാണ്. തലയിൽ എറിഞ്ഞാലും വയറ്റിൽ എറിഞ്ഞാലും പക്ഷി വീഴും... പക്ഷേ അത് എറിയേണ്ട സമയത്ത്, ലക്ഷ്യം തെറ്റാതെ എറിയണം. ചെയ്യേണ്ട സമയത്ത് ചെയ്യാതെ പരസ്പരം തർക്കിച്ച് സമയം കളയുന്നത് മണ്ടത്തരമാണ്." അവർ നാണിച്ചു തല താഴ്ത്തി. തങ്ങളുടെ ഗുരുവും ഇതുതന്നെയാണ് പറയാറുള്ളതെന്ന് അവർക്ക് മനസ്സിലായി. നല്ലവരായി മാറിയ ശിഷ്യന്മാർ ശിവപുരത്തേക്ക് മടങ്ങി.

# 13.പന്തയത്തിൽ തോറ്റു

ഹർഷപുരിയിലെ രാജാവായിരുന്നു ഹർഷവർദ്ധൻ. അദ്ദേഹത്തിന്റെ ഏക മകളായിരുന്നു ഹർഷജ. അതി സുന്ദരിയും കുതിരസവാരിയിൽ അതി സാമർത്ഥ്യവുമുള്ളവളായിരുന്നു കുമാരി.അതിനാൽ കുമാരിയെ വിവാഹം കഴിക്കാൻ നിരവധി രാജ്യങ്ങളിൽനിന്നും കുമാരൻമാരെത്തി.പക്ഷേ കുമാരി വിവാഹത്തിന് ഒരു നിബന്ധന വച്ചു.

"എന്നെ കുതിരസവാരിയിൽ തോല്പിക്കുന്നയാളെ മാത്രമേ ഞാൻ വിവാഹം കഴിക്കൂ." പക്ഷേ ആർക്കും ഹർഷജയെ തോല്പ്പിക്കാനായില്ല.

അങ്ങനെയിരിക്കെ ഹർഷപുരിയുടെ അയൽരാജ്യമായ ചിത്തോലപുരത്തെ കുമാരനും

വിളംബരത്തെക്കുറിച്ച് മനസ്സിലാക്കി. ബുദ്ധിമാനായ കുമാരൻ എങ്ങനെയും കുമാരിയെ വിവാഹം കഴിക്കണമെന്ന് തീരുമാനിച്ചു. അതിനായി തന്റെ ചങ്ങാതി വിക്രമദത്തനെ ഹർഷപുരിയിലേക്കയച്ചു. രഹസ്യമായി കുമാരിയെക്കുറിച്ച് അറിഞ്ഞുവരിക. കുമാരിയുടെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും സ്വഭാവങ്ങളും എല്ലാം മനസ്സിലാക്കുക. അധികം വൈകാതെ വിക്രമദത്തൻ കുമാരിയെക്കുറിച്ചുള്ള വിവരങ്ങളുമായി ചിത്തോലപുരത്ത് മടങ്ങിയെത്തി. "കുമാരിക്ക് ആപ്പിളെന്ന് വച്ചാൽ ജീവനാണ്." വിക്രമദത്തൻ അറിയിച്ചു. ചിത്തിരപുരത്തും അയൽരാജ്യങ്ങളിലും കിട്ടാനില്ലാത്ത പഴമാണ് അതെന്ന് കുമാരനറിയാം. അദ്ദേഹം അകലെയുള്ള രാജ്യത്തുനിന്നും കുറച്ചധികം ആപ്പിളുകൾ വാങ്ങി. എന്നിട്ട് അത് ഓരോ പാത്രത്തിൽ നിറച്ച് കുതിരപ്പന്തയം നടക്കുന്ന വഴിയുടെ ചില ഭാഗങ്ങളിൽ വച്ചു. പന്തയം ആരംഭിച്ചു. കുമാരി കുതിരപ്പുറത്ത് കുതിച്ചു നീങ്ങുകയാണ്. അതിനടുത്തെത്താൻ പോലും കുമാരന് കഴിഞ്ഞില്ല. പോകുന്ന വഴി കുമാരി ഇളം ചുവപ്പുനിറമുള്ള ആപ്പിളുകൾ കണ്ടു. അവിടെ കുതിരയെ നിർത്തി ആപ്പിളുമായാണ് കുമാരി മുന്നോട്ടു കുതിച്ചത്. ഇങ്ങനെ ഒന്നു രണ്ടു സ്ഥലത്ത് കുമാരി കുതിരയെ നിർത്തി. ഈ അവസരം മുതലെടുത്ത് കുമാരനും മുന്നേറി. കുതിരസവാരിയിൽ വിജയിക്കുകയും ചെയ്തു. ഏതു കഴിവിനേയും വെല്ലുന്ന കഴിവാണ് ബുദ്ധിശക്തിയെന്ന് അതോടെ കുമാരിക്കു മനസ്സിലായി.

# 14.സൂത്രം രക്ഷിച്ചു!

വീരേന്ദപുരിയിലെ വിക്രമേന്ദ്ര രാജാവ് ഉഗ്ര കോപിയാണ് അതിനാൽ അയൽരാജ്യക്കാർക്കുപോലും വിക്രമേന്ദ്രനെ ഭയമാണ്.അങ്ങനെയിരിക്കെ രാജാവിന്റെ തലയിലെ മുടി കൊഴിയാൻ തുടങ്ങി. ദിവസങ്ങൾകൊണ്ട് അദ്ദേഹം മുഴുക്കഷണ്ടിയായി മാറി. രാജാവ് തലയിൽനിന്നും കിരീടം ഊരാതെയായി. തന്റെ തല പ്രജകളെ കാണാതെ എത്ര നാൾ ഒളിപ്പിക്കാൻ പറ്റും. രാജാവ് കൊട്ടാരം വൈദ്യരെ വിളിച്ചുവരുത്തി.

“വൈദ്യരെ... കഷണ്ടി മാറാനുള്ള മരുന്ന് ഉടൻ ഉണ്ടാക്കണം. അല്ലെങ്കിൽ തന്റെ കഴുത്തിൽ തല കാണില്ല” രാജാവ് ആകെ പരിഭ്രമിച്ചു.കഷണ്ടിക്ക് മരുന്നോ. അതു കണ്ടെത്താൻ ഇന്നോളം ആർക്കും കഴിഞ്ഞിട്ടില്ല. ഇനി എന്തു ചെയ്യും?” വൈദ്യർ സങ്കടത്തോടെയാണ് വീട്ടിൽ തിരിച്ചെത്തിയത്. വിവരമറിഞ്ഞപ്പോൾ ബുദ്ധിമതിയായ മകൾ പറഞ്ഞു.“അച്ഛൻ വിഷമിക്കേണ്ട. നമുക്ക് എന്തെങ്കിലും വഴി കണ്ടെത്താം. പിന്നീട് അവൾ ഒരു സൂത്രം പറഞ്ഞുകൊടുത്തു. പിറ്റേന്നു കാലത്തുതന്നെ വൈദ്യർ കൊട്ടാരത്തിലെത്തി. “തിരുമേനീ... ഇപ്പോൾതന്നെ ചികിത്സ തുടങ്ങിയേക്കാം.” പറഞ്ഞിട്ട് രാജാവിന്റെ കഷണ്ടിത്തലയിൽ

നിറയെ വൈദ്യർ തേൻ പുരട്ടി. പിന്നീട് തലപ്പാവു വച്ചു.“അടിയൻ തലയിൽ ഒരു പ്രത്യേക മരുന്ന് പുരട്ടിയിട്ടുണ്ട്.വൈകുന്നതു വരെ അങ്ങ് ഒരക്ഷരം ഉരിയാടാനോ അനങ്ങാനോ പാടില്ല.” വിക്രമേന്ദ്രൻ

സമ്മതിച്ചു. കുറച്ചു കഴിഞ്ഞപ്പോഴേക്കും തേനിന്റെ മണം പിടിച്ച് ഉറുമ്പുകൾ കൂട്ടത്തോടെ എത്തി. രാജാവിനെ കടിച്ചു പൊട്ടിച്ചു. കുറച്ചു സമയം വേദന സഹിച്ചിരുന്ന രാജാവ് തലപ്പാവൂരി വലിച്ചെറിഞ്ഞു.

“യ്യോ... മ്മോ...” കണ്ണാടിയിൽ തന്റെ കഷണ്ടിത്തല കണ്ട് രാജാവ് അമ്പരന്നു. തല നിറയെ ചുമന്ന കുമികൾ. അപ്പോൾ വൈദ്യർ ഓടിയെത്തി. “കുറച്ചുകൂടി ക്ഷമിച്ചിരുന്നെങ്കിൽ തല നിറയെ മുടി നിറഞ്ഞേനേ...” വൈദ്യർ പറഞ്ഞു. “വേണ്ടടോ... നമുക്കിനി മുടി വേണ്ട. ഹാവൂ..” രാജാവ് തല തലോടിക്കൊണ്ട് പറഞ്ഞു. സമാധാനത്തോടെ വൈദ്യർ വീട്ടിലേക്കു നടന്നു.

# 15.മണ്ടൻ രക്ഷിച്ചു

ചക്രവർത്തിയായ അലിഫ്ഖാൻ കൊട്ടാരത്തിലെ തൂപ്പുകാരനാണ് മണ്ടനായ ഉസ്മാൻ.ഒരു ദിവസം സുൽത്താൻ ഉസ്മാനെ അത്യാവശ്യമായി വിളിപ്പിച്ചു. ഉസ്മാൻ ചെല്ലുമ്പോൾ കൊട്ടാരത്തിലെ കിണറിന്റെ അടുത്ത് വലിയ ജനക്കൂട്ടം. സുൽത്താനും മറ്റു ജോലിക്കാരുമൊക്കെയുണ്ട്.അപ്പോൾ ഖജനാവ് സൂക്ഷിപ്പുകാരൻ പറഞ്ഞു. "അറിഞ്ഞില്ലേ ഖജനാവിൽനിന്നും ഇന്നലെ രാത്രി കളവുപോയ ഒരു ചാക്ക് നാണയം ദാ കിണറ്റിൽ കിടക്കുന്നു. അത് മുങ്ങിയെടുക്കാനാ തന്നെ വിളിപ്പിച്ചത്.” ഉസ്മാൻ കിണറ്റിലേക്ക് ഒറ്റച്ചാട്ടം. ഒറ്റ മുങ്ങലിന് ഉസ്മാൻ ചാക്കുമായി പൊങ്ങി. ചാക്കുവലിച്ച് കരക്കു

കയറ്റി. ചാക്കിന്റെ കെട്ടഴിച്ചു. ചാക്കിൽ നിന്നും തുരുതുരെ സ്വർണനാണയ നിലത്തുവീണു ചിതറി.

“ഉസ്മാൻ ആളൊരു കേമൻതന്നെ”

കണ്ടുനിന്നവർ പറഞ്ഞു.സുൽത്താനും സന്തോഷമായി. അദ്ദേഹം ഒരു സ്വർണനാണയം ഉസ്മാന് സമ്മാനിച്ചു. സ്വർണനാണയത്തിൽ സൂക്ഷിച്ചുനോക്കിയിട്ട്

ഉസ്മാൻ പരിഭവത്തോടെ പറഞ്ഞു. “ഇതുതീരെ കുറഞ്ഞുപോയി ഹുസൂർ...”ഹേ! ഒരു സ്വർണനാണയം പോരെന്നോ! എന്താ അങ്ങനെ തോന്നാൻ കാരണം?” സുൽത്താൻ അത്ഭുതപ്പെട്ടു. അപ്പോൾ ഉസ്മാൻ തട്ടിവിട്ടു. “ഇന്നലെ രാത്രി ഈ ചാക്ക് ചുമന്നുകൊണ്ട് വന്നതു ഞാനാ. അത് വെറുതെ കിണറ്റിലേക്ക് തട്ടിയിട്ടതിന് ഖജനാവ് സൂക്ഷിപ്പുക്കാരൻ അഞ്ചുസ്വർണനാണയം തന്നു. ഇപ്പോൾ ഇത്രയും കഷ്ടപ്പെട്ട് ഈ ചാക്കുവലിച്ച് കയറ്റിയതിന് അങ്ങ് തന്നതോ? ഒരൊറ്റ സ്വർണനാണയം! ഇത് കഷ്ടമല്ലേ ഹുസൂർ...”

കള്ളി വെളിച്ചത്തായതോടെ ഖജനാവ് സൂക്ഷിപ്പുകാരൻ സുൽത്താനോട് മാപ്പുചോദിച്ചു. മണ്ടനാണെങ്കിലും കള്ളനെ പിടിക്കാൻ സഹായിച്ച ഉസ്മാന് സുൽത്താൻ അമ്പത് സ്വർണനാണയം സമ്മാനിച്ചു.

# 16.യഥാർത്ഥ സമ്പന്ന

ശ്രീവാസ്തിയിൽ അതികഠിനമായ ക്ഷാമം. വളരെയധികം പേർ മരിച്ചു. അനേകം പേർ

രോഗികളായി. ദാഹജലം കിട്ടാതെ അനേകർ വലഞ്ഞു. ഈ സമയത്താണ് ബുദ്ധ ഭഗവാൻ അവിടെയെത്തുന്നത്. ഭഗവാൻ നഗരത്തിലെ ചില പ്രമാണിമാരെ വിളിച്ചുവരുത്തി. "നിങ്ങൾക്ക് ഈ ദുരിതത്തിന് പരിഹാരം കണ്ടുകൂടേ..?" പ്രമാണിയായ ധനുധരനോട് ഭഗവാൻ ചോദിച്ചു.

“യ്യോ... ഭഗവാനേ.. അങ്ങന്താണീ പറയുന്നത്. ഞാൻ അധ്വാനിച്ച് സമ്പാദിച്ചതെല്ലാം ഈ പട്ടിണിക്കോലങ്ങൾക്ക് വീതംവെച്ചു നൽകണമെന്നോ? ഇല്ല എനിക്കാവില്ല.” ഉടൻ അടുത്ത ആളോടു തിരക്കി. “ജയദേവാ... നിനക്കെങ്കിലും ഇവരെ രക്ഷിച്ചുകൂടേ?” “ഞാൻ നിസ്സഹായനാണ് പ്രഭോ. എന്റെ കച്ചവടം വളരെ മോശമാണ്. അത് നന്നാക്കാനുള്ള പണം മാത്രമേ ഇപ്പോൾ എന്റെ കൈയിലുള്ളൂ." ഭഗവാൻ വീണ്ടും ഓരോരുത്തരോടുമായി മാറിമാറി ചോദിച്ചു. പക്ഷേ എല്ലാവരും കൈമലർത്തുകയാണു ചെയ്തത്.

അപ്പോൾ അപർണ എന്ന ഒരു യാചകന്റെ മകൾ മുന്നോട്ടുവന്നു. “ഭഗവാൻ അങ്ങ് അനുഗ്രഹിച്ചാൽ ഇവരുടെ വിശപ്പ് ഞാൻ അകറ്റാം.” അതുകേട്ട് ശ്രീബുദ്ധൻ അത്ഭുതപ്പെട്ടു. “കുട്ടീ, ഇരന്നു കിട്ടുന്നതുകൊണ്ടല്ലേ നീയും കുടുംബവും ജീവിക്കുന്നത്. പിന്നെങ്ങനെയാ?” അപ്പോൾ ഒരു ചെറുചിരിയോടെ അവൾ പറഞ്ഞു.

“അച്ഛൻ ഭിക്ഷ യാചിച്ചുണ്ടാക്കിയ കുറച്ചു പണം ഞങ്ങളുടെ കൈയിലുണ്ട്. ബാക്കിയുള്ളത് ഞാനും അച്ഛനും അമ്മയും ചേർന്ന് ഭിക്ഷയാചിച്ചുണ്ടാക്കാം.

ഞങ്ങൾ കുറച്ചു ദിവസം കൂടുതൽ കഷ്ടപ്പെടണമെന്നല്ലേയുള്ളൂ."

ശ്രീബുദ്ധൻ അവളെ വാരിപ്പുണർന്നുകൊണ്ട് പറഞ്ഞു. "മകളേ, നീയാണ് യഥാർത്ഥ സമ്പന്ന. സ്നേഹിക്കാനും സ്വാന്തനിപ്പിക്കാനുമുള്ള മനസ്സ് നിനക്കുണ്ട്. നിനക്ക് നല്ലതേ വരൂ." അതുകേട്ട് പ്രമാണിമാർ തലതാഴ്ത്തി.

# 17.നല്ലവരെ തിരിച്ചറിയാൻ

മഹാരാഷ്ട്രയിലെ ഒരു കുഗ്രാമമാണ് പുലേവാരി. ഒരിക്കൽ വ്യാപാരിയായ മുഹമ്മദ്ഖാനും മകൻ സമിദ്ഖാനും വിലപിടിപ്പുള്ള സാധനങ്ങളുമായി അതുവഴി നീങ്ങുകയായിരുന്നു. കച്ചവടസാധനങ്ങൾ പട്ടണത്തിൽ എത്തി ക്കുകയാണ് അവരുടെ ലക്ഷ്യം.കുറച്ചുദൂരം നീങ്ങിയപ്പോൾ കുതിരവണ്ടിയുടെ ഒരു ചക്രം ഊരിത്തെറിച്ചു. ഭാഗ്യത്തിന് അപകടമൊന്നും സംഭവിച്ചില്ല.

"മോനേ ഈ പ്രദേശത്ത് അധികസമയം ചെലവഴിക്കുന്നത് അപകടമാണ്. നീ നമ്മുടെ കുതിരവണ്ടിയിൽ നിന്നും ഒരു കുതിരയെ അഴിച്ചുമാറ്റി അതിൽ പട്ടണത്തിൽ ചെല്ലുക. അവിടെ എന്റെ ചങ്ങാതിയായ ജയന്തൻ എന്നൊരാളുണ്ട്. അയാൾ തീർച്ചയായും നമ്മെ സഹായിക്കാനെത്തും." ഉടൻതന്നെ സമദ് പട്ടണത്തിലേക്ക് പോയി. അധികം വൈകാതെ മടങ്ങിയെത്തുകയും ചെയ്തു. "എന്താ മോനേ... ജയന്തനെ കണ്ടില്ലേ?" മുഹമ്മദ്ഖാൻ തിരക്കി.

“പട്ടണംവരെ ഞാൻ എത്തിയില്ല. അതിനുമുമ്പ് രണ്ടു മൂന്നു കച്ചവടക്കാരെ കണ്ടു. ജയന്തൻ കുഴപ്പക്കാരനാണെന്നാണ് അവർ പറഞ്ഞത്.” മുഹമ്മദ്ഖാൻ മറുപടിയൊന്നും പറയാതെ അതേ കുതിരപ്പുറത്ത് പട്ടണത്തിലേക്ക് തിരിച്ചു. അധികം വൈകാതെ ജയന്തനെയും കുറച്ചു പണിക്കാരെയും കൂട്ടി മടങ്ങിയെത്തി. കുതിരവണ്ടിയുടെ ചക്രം ശരിയാക്കിയശേഷം ജയന്തനും കൂട്ടുകാരും മടങ്ങുകയും ചെയ്തു. അതുകണ്ട് സമദ് അത്ഭുതത്തോടെ പറഞ്ഞു.

“ഇത്രയും നല്ല മനുഷ്യനെക്കുറിച്ച് ആ കച്ചവടക്കാർ എന്തിനായിരിക്കും എന്നോട് നുണ പറഞ്ഞത്?” അതു കേട്ട് മുഹമ്മദ് പൊട്ടിച്ചിരിച്ചു.“മോനേ... നല്ലവരെക്കുറിച്ച് തെറ്റായി വാർത്തകൾ പ്രചരിപ്പിക്കുന്നത് ദുഷ്ടലാക്കുള്ളവരായിരിക്കും. നല്ലവനായ ജയന്തനെക്കുറിച്ച് നീ അന്വേഷിച്ചത് ദുഷ്ടന്മാരോടാണ്. അതുതന്നെയാണ് കുഴപ്പമായത്. സുപ്രധാന കാര്യങ്ങൾക്ക് എപ്പോഴും നല്ലവരുടെ ഉപദേശങ്ങൾ മാത്രം സ്വീകരിക്കുക. സമദ് തനിക്കുപറ്റിയ തെറ്റിൽ പശ്ചാത്തപിച്ചു. അവർ വൈകാതെ സാധനങ്ങളുമായി പട്ടണത്തിലേക്ക് യാത്ര തുടർന്നു.

## 18 ആനയും മുനികുമാരനും

ഗാർഗേയമുനിയുടെ പുത്രനായിരുന്നു ദൈവ തൻ. കിഴങ്ങുകൾ ശേഖരിക്കാനായാണ് അവൻ കാട്ടിലെത്തിയത്. പെട്ടെന്ന് കാടെങ്ങും മുഴങ്ങുന്ന

ഒരു അലർച്ച കേട്ടു. ദൈവതൻ പേടിച്ചുവിറച്ചു. “ഒരാനയുടെ ശബ്ദമാണല്ലോ കേട്ടത്. വേഗം മടങ്ങാം. ദൈവതൻ എല്ലാം വാരിക്കെട്ടി പോകാനൊരുങ്ങിയതും വീണ്ടും ശബ്ദം മുഴങ്ങി. ദൈന്യതയേറിയതായിരുന്നു അപ്പോൾ കേട്ട ശബ്ദം. "ഏതോ ആന വാരിക്കുഴിയിൽ വീണതാണെന്നു തോന്നുന്നു. ഒന്നുനോക്കാം."ദൈവതൻ ശബ്ദം കേട്ട ദിക്കിലെത്തി. ചങ്ങലകൊണ്ട് ബന്ധിച്ച നിലയിൽ ഒരു കൊമ്പൻ. “ആരാണ് നിന്നെ ഇവിടെ ബന്ധിച്ചിരിക്കുന്നത്?” ദൈവതൻ തിരക്കി. “എന്നെ തടി പിടിക്കാൻ കൊണ്ടുവന്നതാണ്. ക്ഷീണം കാരണം എനിക്കതിനു കഴിഞ്ഞില്ല. ക്രൂരമായി മർദ്ദിച്ചശേഷം ഈ കാട്ടുതടിയിൽ ബന്ധിച്ച് പാപ്പാൻ സ്ഥലം വിട്ടു. വിശപ്പും ദാഹവും കാരണം ഞാൻ വലഞ്ഞു.” ആന പറഞ്ഞു. പാവം ദൈവതൻ അവന്റെ ശരീരത്തിൽ തടവി. അപ്പോഴാണ് അവനറിഞ്ഞത് ആനയെ ബന്ധിച്ചിട്ടില്ല. “നിന്നെ അനുസരിപ്പിക്കാൻ എളുപ്പമാണെന്ന് നിന്റെ പാപ്പാനറിയാം. അതിനാൽ അയാൾ നിന്നെ പറഞ്ഞു വിരട്ടിയതേയുള്ളൂ. ബന്ധിച്ചിട്ടില്ല.” ആന മുന്നോട്ടു നടന്നുനോക്കി. “ഹാവൂഎത്ര ദിവസം ആഹാരമില്ലാതെ ഞാനീകാട്ടിൽ കഴിഞ്ഞു. നന്ദി മുനികുമാരാ”

ആന മുന്നോട്ടു നടന്നു . ഇതുപോലെയാണ് പലരുടെയും കാര്യംസ്വന്തം കഴിവുകൾ ആരും തിരിച്ചറിയുന്നില്ല .അറിയാൻ ശ്രമിക്കുന്നുമില്ല

## **19. ഝിലും... ഝിലും...**

പുത്തല്ലൂർ കാവിന്റെ മുറ്റത്ത് വലിയൊരു ആൽമരം ഉണ്ടായിരുന്നു. അതിൽ കുറെ കുരങ്ങുകൾ താമസിച്ചിരുന്നു. അവരിലെ വികൃതിയായ കുരങ്ങനായിരുന്നു മുത്തു. ആരു പറഞ്ഞാലും അവൻ അനുസരിക്കില്ല. തോന്നിയതുപോലെയേ ചെയ്യൂ. അങ്ങനെയിരിക്കെ കാവിൽ ഉത്സവമായി. ആനയും മേളവും വന്നു. ആൽമരത്തിലിരുന്നാൽ ഉത്സവം കാണാം. മുത്തു മേശം ആസ്വദിച്ച് ആൽമരക്കൊമ്പിലിരുന്നു. അപ്പോഴാണ് അവൻ ശ്രദ്ധിച്ചത്. ഒരാൾ കൊട്ടുമ്പോൾ "ഝിലും ഝിലും" എന്ന ശബ്ദം. ഇലത്താളമായിരുന്നു അത്. “ആ സാധനം എങ്ങനെയും തട്ടിയെടുക്കണം.” മുത്തു തീരുമാനിച്ചു. മേളക്കാർ വിശ്രമിക്കാൻ പോയപ്പോൾ അവൻ അത് അടിച്ചുമാറ്റി. എന്നിട്ട് മരക്കൊമ്പിൽ പോയിരുന്ന് "ഝിലും ഝിലും" എന്ന് കൊട്ടാൻ തുടങ്ങി. അതു കേട്ട് മേളക്കാർ ഓടിയെത്തി. നാട്ടുകാരും കൂടി. അപ്പോൾ മറ്റു കുരങ്ങന്മാർ മുത്തുവിനോട് പറഞ്ഞു. “മുത്തു... വേഗം അത് താഴെയിട്. അല്ലെങ്കിൽ കുഴപ്പമാ.” പക്ഷേ മുത്തുക്കുരങ്ങനുണ്ടോ അതുവല്ലതും കേൾക്കുന്നു. അവൻ അത് ഉറക്കെ കൊട്ടാൻ തുടങ്ങി. ഝിലും ഝിലും. ക്ഷമ നശിച്ചപ്പോൾ ഒരാൾ കല്ലെടുത്ത് ഒറ്റയേറ്! മുത്തു ഒഴിഞ്ഞുമാറി. പക്ഷേ അപ്പോഴേക്കും താഴെനിന്നവർ "തുരുതുര" ന്ന് ഏറുതുടങ്ങിയിരുന്നു.ഏറുകൊണ്ട് മുത്തു താഴെ വീണു. കൈയിൽ കിട്ടിയ കമ്പു കൊണ്ട് ആളുകൾ അവനെ പൊതിരെ തല്ലി. ഇലത്താളം വലിച്ചെറിഞ്ഞ് ഒരുവിധം അവൻ മരത്തിൽ കയറിപ്പറ്റി. അപ്പോൾ

മുതിർന്ന കുരങ്ങൻ പറഞ്ഞു. "മുത്തൂ... ഉത്സവത്തിന് വന്ന മേളക്കാർ മേളം കൊട്ടി കാശും കൊണ്ട് പോയി. നീയോ? മേളംകൊട്ടി തല്ലും വാങ്ങി. അവ രവർക്ക് പറ്റിയ പണിയേ എപ്പോഴും ചെയ്യാവൂ..." അവന് തെറ്റ് മനസ്സിലായി. അതോടെ അവൻ മര്യാദക്കാരനായി.

# 20.വീരസിംഹന്റെ വിജയം

ചന്ദ്രുപുരിയിലെ രാജാവായിരുന്നു വീരസിംഹൻ, ഒരിക്കൽ അയൽരാജ്യമായ അമരപുരിയിലെ സേതുവർമ്മ മഹാരാജാവ് ചന്ദ്രപുരി ആക്രമിച്ചു. സേതുവർമന്റെ അപ്രതീക്ഷിത നീക്കത്തിൽ പിടിച്ചുനിൽക്കാൻ വീരസിംഹന് കഴിഞ്ഞില്ല. പരാജയം സമ്മതിക്കേണ്ടിവരുമെന്ന് ഉറപ്പായപ്പോൾ തന്റെ സൈനികരെ രക്ഷിക്കണമെന്ന് വീരസിംഹൻ നിശ്ചയിച്ചു. "വേഗം മറ്റൊരു രാജ്യത്തേക്ക് പിന്തിരിഞ്ഞ് രക്ഷപ്പെടുക വീരസിംഹൻ സ്വന്തം സേനയെ തിരിച്ചുവിട്ടു. അടുത്ത നിമിഷം അവർ കൊടുംകാട്ടിൽ മറഞ്ഞു. അതുകണ്ട് സേതുവർമ്മനും സൈന്യവും ആഹ്ലാദത്തിമിർപ്പിലായി. "ഹഹഹ വീരശൂരപരാക്രമിയായ വീരസിംഹൻ സൈന്യ ത്തോടൊപ്പം പിന്തിരിഞ്ഞോടുന്നതു കണ്ടില്ലേ? ഈ വിജയം നമുക്ക് ആഘോഷിക്കണം." അവർ പാട്ടും നൃത്തവുമായി വിജയം ആഘോഷിച്ചു. ഈ സമയം രക്ഷപ്പെട്ട് അടുത്ത രാജ്യത്തേക്കു നീങ്ങിയ വീരസിംഹനും കൂട്ടരും മുന്നോട്ടുള്ള വഴിയറിയാതെ കഷ്ടപ്പെടുകയായിരുന്നു. "മഹാരാജൻ... മരച്ചില്ലകൾ വീണുകിടക്കുന്നതിനാൽ നമുക്ക് അല്പം പോലും

മുന്നോട്ടു നീങ്ങാൻ കഴിയില്ല. അതു വെട്ടിക്കളയാമെന്നു കരുതിയാൽ അതിൽ നിറയെ കിളികൾ കൂടുകൂട്ടിയിരിക്കുകയാണ്."

"ശരിതന്നെ. നമ്മുടെ രക്ഷയ്ക്കുവേണ്ടി ഈ കിളികളുടെ കൂടുകളും മുട്ടകളും തകർക്കുന്നത് കഷ്ടമാണ്. അതിലും ഭേദം മടങ്ങിപ്പോയി സേതുവർമ്മനോട് യുദ്ധം ചെയ്ത് മരണം വരിക്കുന്നതാണ്. അങ്ങനെ വീരസിംഹന്റെ ആജ്ഞയനുസരിച്ച് പടയാളികൾ യുദ്ധരംഗത്തേക്കുതന്നെ മടങ്ങി. എന്നാൽ വിജയത്തിൽ മതിമറന്ന അമരപുരിയിലെ സൈന്യം തിന്നും കുടിച്ചും മയക്കത്തിലായിരുന്നു. അപ്രതീക്ഷിതമായി മടങ്ങിയെത്തിയ വീരസിംഹന്റെ സൈന്യത്തിനു മുന്നിൽ സേതുവർമനും സൈന്യത്തിനും അടിയറവു പറയേണ്ടിവന്നു. ധർമ്മിഷ്ഠനായ വീരസിംഹന്റെ വിജയത്തിൽ പ്രജകൾ അത്യധികം സന്തോഷിച്ചു.

# 21 തെറ്റിനുള്ള ശിക്ഷ.

ചന്ദ്രപുരിയിലെ രാജാവായിരുന്നു വീരേന്ദ്രവർമ്മൻ. ക്രൂരനായിരുന്നു അദ്ദേഹം. പ്രജകളെ ദ്രോഹിക്കുകയും ശിക്ഷിക്കുകയും ചെയ്യുക വീരേന്ദ്രന്റെ വിനോദമായിരുന്നു. രാജാവിന്റെ തെറ്റുകൾ തിരുത്തണമെന്ന് മന്ത്രി പലപ്പോഴും ആഗ്രഹിച്ചിട്ടുണ്ട്. പക്ഷേ രാജകോപം ഭയന്ന് അതിന് മടിച്ചു. അങ്ങനെയിരിക്കെ ഒരിക്കൽ രാജാവും മന്ത്രിയും പരിവാരങ്ങളും കൂടി നായാട്ടിനിറങ്ങി. കുറച്ചുദൂരം പിന്നിട്ടതേയുള്ളൂ. ഒരു കുറുക്കൻ അവരുടെ മുന്നി

ലേക്ക് പാഞ്ഞെത്തി. എന്തിനെയോ കണ്ട് ഭയന്നി ട്ടാണ് അവന്റെ വരവ്. അത് അവന്റെ പാരാക്രമം കണ്ടാലറിയാം. അവർ സംശയിച്ചത് ശരിയായിരുന്നു. പിന്നാലെയുണ്ട് ഒരു നായ! കുറുക്കൻ മാളത്തിലേക്ക് കയറിയതും നായ അവന്റെ വാല് കടിച്ചുപറിച്ചിട്ട് സ്ഥലം വിട്ടു. രാജാവും പരിവാരങ്ങളും യാത്ര തുടർന്നു.കുറച്ചുദൂരം കൂടി മുന്നോട്ടുപോയപ്പോൾ അവർ വീണ്ടും നായയെ കണ്ടു. അവന്റെ പിന്നാലെ കല്ലുമായി ഒരു മനുഷ്യനും. "പ്ലക്ക്..." അയാൾ കല്ല് നായയുടെ മുതുകിലേക്ക് വലിച്ചെറിഞ്ഞിട്ട് കുതിരപ്പുറത്തു കയറിപ്പോയി. രാജാവും സംഘവും വീണ്ടും മുന്നോട്ടു നീങ്ങി. കുറച്ചുദൂരം ചെന്നതേയുള്ളൂ കുതിരക്കാരനെ അവർ വീണ്ടും കണ്ടുമുട്ടി. അവശനായി വഴിയിൽ കിടക്കുകയായിരുന്നു അയാൾ. “എന്തുപറ്റി?” ഓടിയെത്തിയ മന്ത്രി ചോദിച്ചു. “ആ കുതിര എന്നെ ചതിച്ചു. എന്നെ താഴെവീഴ്ത്തിയിട്ട് അവൻ രക്ഷപ്പെട്ടു.” അയാളെ വീട്ടിലെത്തിക്കാനുള്ള ഏർപ്പാടുകൾ ചെയ്തശേഷം രാജാവും സംഘവും യാത്ര തുടർന്നു. കുറച്ചുദൂരംകൂടി മുന്നോട്ടുപോയപ്പോൾ അവർ കുതിരയേയും കണ്ടുമുട്ടി. ഒരു കുഴിയിൽ വീണുകിടക്കുകയാണത്. എല്ലാവരും കൂടി അതിനെ കുഴിയിൽനിന്ന് പുറത്തെത്തിച്ചു. മുറിവിൽ മരുന്നുവച്ചു.അപ്പോൾ രാജാവു പറഞ്ഞു. “കണ്ടില്ലേ മന്ത്രീ... അറിവുകെട്ട ക്രൂരനായ എനിക്ക് ദൈവം നൽകിയ പാഠമാണിത്. നാമെത്ര ക്രൂരനായിരുന്നുവെന്ന് ഇപ്പോഴാണ് മനസ്സിലാകുന്നത്. നിരപരാധികളെ ശിക്ഷിച്ചാൽ

അതിനുള്ള ശിക്ഷ ഇന്നല്ലെങ്കിൽ നാളെ കിട്ടും. അതിനാൽ നാം ഇന്നുമുതൽ പ്രജകൾക്ക് നല്ലതു മാത്രം ചെയ്ത് രാജ്യം ഭരിക്കും." അതുകേട്ടപ്പോൾ മന്ത്രിക്ക് സന്തോഷമായി.

# 22.ആരും കാണാത്തത്

നന്ദഗോകുലം ഭരിച്ചിരുന്ന നന്ദഗോപൻ രാജാവ് ഒരു മന്ത്രിയെ തിരഞ്ഞെടുക്കാനുള്ള വിളംബരം നടത്തി. അതിനായി അദ്ദേഹം ഒരു മത്സരം നടത്താൻ തീരുമാനിച്ചു. മത്സരത്തിൽ പങ്കെടുക്കാൻ വന്നവരോട് കൊട്ടാരത്തിലെ ഉദ്യാനം മുഴുവൻ കണ്ടുവരാൻ അദ്ദേഹം കല്പിച്ചു. ഉദ്യാനം ചുറ്റിക്കണ്ട് ഓരോരുത്തരായി രാജാവിന്റെ മുന്നിലെത്തി. വന്നവരോട് രാജാവ് ചോദിച്ചു. "ഉദ്യാനത്തിൽ നിങ്ങളെന്തു കണ്ടു?" "മനോഹരങ്ങളായ പൂക്കൾ, ചിത്രശലഭങ്ങൾ, കിളികൾ, വള്ളിച്ചെടികൾ, ജലാശയം എല്ലാം മനോഹരംതന്നെ പ്രഭോ. അടുത്ത ആളോടും രാജാവ് ചോദ്യം ആവർത്തിച്ചു.അയാളും പറഞ്ഞു. "തണൽമരങ്ങൾ, ചെടികൾ, പൂക്കൾ, ജലാശയം..." "മതി. നിർത്തിൻ!" ഈ കാഴ്ചകളല്ലാതെ മറ്റെന്തെങ്കിലും ആരെങ്കിലും കണ്ടോ? ആ കാഴ്ചകൾ കണ്ടിട്ട് എന്തെങ്കിലും തോന്നിയോ? എല്ലാവരും മുഖാമുഖം നോക്കി. "ഇതൊക്കെയല്ലാതെ മറ്റെന്താണ് പൂന്തോട്ടത്തിലുള്ളത്?" ആരും ഉത്തരം പറഞ്ഞില്ല. അപ്പോൾ ദേവദത്തൻ എന്ന യുവാവ് പറഞ്ഞു. "ഞാൻ കണ്ടു പ്രഭോ!" "പറയൂ എന്താണ് കണ്ടത്?" "പ്രഭോ.. പൂവിനരികേ നിന്നപ്പോൾ ഞാനൊരു പൂവായിന്നു തോന്നി! ഒരു തണൽമരത്തിന്

കീഴിലെത്തിയപ്പോൾ ഞാനൊരു മരമായി തോന്നി! ജലാശയത്തിൽ മുങ്ങി നിവർന്നപ്പോൾ ഒരു ജലപ്രവാഹമായി തോന്നി! കുയിലുകളുടെ ഗാനം കേട്ടപ്പോൾ കുയിലായി തോന്നി." രാജാവിന് സന്തോഷമടക്കാനായില്ല. ഉച്ചത്തിലദ്ദേഹം പറഞ്ഞു.

"കൊള്ളാം! മറ്റുള്ളവർ കാണാത്തത് കാണുന്നതിലാണ് ഭരണാധികാരിയുടെ വിജയം! താങ്കൾ തന്നെ അടുത്ത മന്ത്രി! പ്രകൃതിയുടെ മുന്നിൽ സ്വയം അലിയു ന്നവനേ പ്രജകളുടെ ഭാഷ മനസ്സിലാക്കാൻ കഴിയൂ.

# 23.ഭീഷണിയെ നേരിടുക

പണ്ടുപണ്ട് കാടിനടുത്തുള്ള കുടിലിൽ വേലാണ്ടി എന്നൊരു യുവാവ് താമസിച്ചിരുന്നു. കാട്ടിൽ പോയി വിറകു ശേഖരിക്കുക. അത് ഗ്രാമത്തിലോ പട്ടണത്തി ലോ വിൽക്കുക. ആ പണം കൊണ്ടായിരുന്നു വേലാണ്ടി ജീവിച്ചിരുന്നത്.ഒരിക്കൽ വിറക് തേടി കാട്ടിലെത്തിയ വേലാണ്ടിയെ ഒരു രാക്ഷസൻ പിടികൂടി.

"ഹ ഹ ഹ... ഇന്നു മുതൽ നീ എന്റെ അടിമ. ഞാൻ പറയുന്ന പണിയെല്ലാം ചെയ്യണം. അല്ലെങ്കിൽ നിന്നെ ഞാൻ കറുമുറും ന്ന് തിന്നും..." രാക്ഷസൻ പറഞ്ഞു. അതുകേട്ട് വേലാണ്ടി പേടിച്ചുവിറച്ചു. പെട്ടെന്ന് രാക്ഷസൻ പറഞ്ഞു. "നൃത്തം ചെയ്യടാ..." രാക്ഷസൻ പറഞ്ഞതേ വേലാണ്ടി നൃത്തം തുടങ്ങി. അതുകണ്ട് രാക്ഷസൻ പൊട്ടിച്ചിരിച്ചു. വേലാണ്ടിയെയും കൊണ്ട് രാക്ഷസൻ തന്റെ ഗുഹയിലേക്കു പോയി. രാക്ഷസൻ ഓരോ

ദിവസവും വേലാണ്ടിക്ക് ഓരോ പണി നൽകും. പണിയെടുത്ത് വേലാണ്ടി തളർന്നു.അവന് എഴുന്നേൽക്കാൻപോലും കഴിയാതായി. ഏത് നിമിഷവും താൻ ചാകുമെന്ന് വേലാണ്ടിക്ക് ബോധ്യമായി. അപ്പോൾ വേലാണ്ടി തീരുമാനിച്ചു. "എന്തായാലും ഒരിക്കൽ ആ രാക്ഷസൻ തന്നെ കടിച്ചു കീറി തിന്നും. എന്നാലും ഇങ്ങനെ അടിമയായി ജീവിക്കേണ്ടല്ലോ ..."

അതോടെ അവന് വല്ലാത്ത മനസുഖം തോന്നി. അവൻ ഗുഹയിൽ കിടന്ന് ഉറങ്ങാൻ തുടങ്ങി. അതു കണ്ടുകൊണ്ടാണ് രാക്ഷസൻ എത്തിയത്. രാക്ഷസന് കോപം നിയന്ത്രിക്കാനായില്ല. "ഛീ... എഴുന്നേറ്റ് വിറകുകൊണ്ടു വാടാ.." പക്ഷേ വേലാണ്ടി അനങ്ങിയില്ല. അപ്പോൾ രാക്ഷസൻ പറഞ്ഞു. "മര്യാദയ്ക്ക് ഞാൻ പറഞ്ഞതു ചെയ്തോ, അല്ലെങ്കിൽ നിന്നെ ഞാൻ തിന്നും."

"എന്നാൽ താമസിക്കേണ്ട. എന്നെ തിന്നെടാ.." "ഇവനെ കൊന്നാൽ പിന്നെയാരാണ് ജോലി ചെയ്യുക." അതോടെ രാക്ഷസൻ ഭീഷണി അവസാനിപ്പിച്ചു. മര്യാദക്കാരനായി. വേലാണ്ടിയെ ജോലികളിൽ സഹായിച്ചു.

## 24.ആനക്കുട്ടന് ശിക്ഷ കിട്ടി

കുഞ്ഞുറുമ്പും കൂട്ടരും അരിമണികളുമായി കൂട്ടിലേക്ക് വരികയായിരുന്നു. പെട്ടെന്നാണവർ കണ്ടത്... കൂറ്റൻ മരത്തിനു ചുവട്ടിൽ തങ്ങളുടെ കൂടിനുമുകളിൽ ദാ കിടക്കുന്നു ഒരു കുട്ടിക്കൊമ്പൻ.

"യ്യോ.... നമ്മളിനി എങ്ങനെ വീട്ടിനകത്തേക്കു കയറും." കുഞ്ഞുറുമ്പും കൂട്ടരും വഴിമാറി നടന്ന് മരത്തിൽ കയറി. എന്നിട്ട് പറഞ്ഞു.

"കുട്ടിക്കൊമ്പാ... അവിടെനിന്നും മാറിക്കിടക്ക്. ഞങ്ങളുടെ വീടാണത്...." അതുകേട്ടതും കുട്ടിക്കൊമ്പന് ദേഷ്യം വന്നു. അവൻ ഉറുമ്പുകളുടെ നേരെ നോക്കി അലറി."അഹങ്കാരികളേ.. ഇത്തിരിപ്പോന്ന നിങ്ങൾ എന്നോടു വഴിമാറാൻ ആജ്ഞാപിക്കുന്നോ? മാറിപ്പോയില്ലെങ്കിൽ നിന്നെയൊക്കെ ഞാൻ കുത്തിക്കൊല്ലും." പറഞ്ഞുതീർന്നതും കുട്ടിക്കൊമ്പൻ മരത്തിനിട്ട് ശക്തിയായി ഇടിച്ചു. "ബ്ഢിം!' മരത്തിന്റെ മുകളിലുണ്ടായിരുന്ന കടന്നൽക്കൂട് ആനക്കുട്ടന്റെ തലയിലേക്ക് പതിച്ചു. കൂട് നഷ്ടപ്പെട്ട കടന്നലുകൾ ഇളകി. അവ ആനക്കുട്ടന്റെ കണ്ണിലും തുമ്പിക്കൈയിലും വാലിലുമെല്ലാം കുത്തോടുകുത്ത്.

"യ്യോ... മ്മോ... എന്നെ രക്ഷിക്കണേ... കടന്നലുകൾ എന്നെ കൊല്ലുന്നേ..."

ആനക്കുട്ടൻ ഓടി കാട്ടിലെ കുളത്തിൽ ചാടി.

കുറച്ചുനേരം മുങ്ങിക്കിടന്നപ്പോഴേക്കും കടന്നലുകൾ പറന്നുപോയി. ആനകുട്ടൻ ഒരുവിധം കരയ്ക്കു കയറി. "അമ്മേ... ഓടിവാ... എന്നെ കടന്നലുകൾ കുത്തിയേ..." ആനക്കുട്ടൻ അമ്മയുടെ അടുത്തെത്തി നടന്നതെല്ലാം പറഞ്ഞു. അപ്പോൾ അമ്മയാന പറഞ്ഞു.

"ആനക്കുട്ടാ... നീ കാണിച്ചതു തെറ്റല്ലേ. ഉറുമ്പുകളുടെ വീടിനു മുകളിൽനിന്നും മാറാനല്ലേ അവർ പറഞ്ഞത്. അതിന് നീ അവരെ ദ്രോഹിക്കാൻ

ശ്രമിച്ചു. ഫലമോ? കടന്നലുകൾക്കും കൂട് നഷ്ടമായി. അതിനുള്ള ശിക്ഷയാണ് നിനക്ക് കിട്ടിയത്. ചിലപ്പോൾ ചെറിയ തെറ്റിനുപോലും വലിയ ശിക്ഷ കൾ ലഭിക്കും. കരുതി ജീവിക്കുക!

# 25.യഥാർത്ഥ സമ്പത്ത്

വീരപുരിയിലെ രാജാവായിരുന്നു മഹേന്ദ്രവർമ്മൻ. അഹങ്കാരിയായിരുന്നു അദ്ദേഹം. ഒരിക്കൽ അദ്ദേഹം നായാട്ടിനു പോയി. പെട്ടെന്നാണ് ഒട്ടേറെ അപൂർവതകളുള്ള ഒരു മാൻകുട്ടിയെ അദ്ദേഹം കണ്ടെത്തിയത്.അതിനു നേർക്ക് വില്ല് കുലച്ചെങ്കിലും പെട്ടെന്ന് അദ്ദേഹം കരുതി. "നല്ല ഓമനത്തമുള്ള മാൻകുട്ടി... ഇതിനെ കൊല്ലുണ്ട. പിടിച്ച് വളർത്താം." രാജാവ് മാൻകുട്ടിയെ പിന്തുടർന്നു. കുറച്ചുദൂരം മുന്നോട്ടുപോയി. പെട്ടെന്ന് അത് വനാതിർത്തിയിലുള്ള ഒരു വീട്ടുവളപ്പിലേക്ക് കടന്നു. പിന്നാലെയെത്തിയ രാജാവും അങ്ങോട്ട് കട ക്കാൻ തുടങ്ങി. പെട്ടെന്നാണ് ഒരു ബാലൻ വടിയുമായി കുതിച്ചെത്തിയത്. "നിൽക്കവിടെ. ഇതിനകത്ത് കയററുത്."

"ഊം... അതെന്താ?" "അത് എന്റെ അച്ഛന്റെ കല്പനയാണ്. അദ്ദേഹം വരുന്നതുവരെ ആരെയും ഇതിനകത്ത് കയറ്ററുതെന്ന്." അതുകേട്ട് രാജാവ് ഒരു നിമിഷം സ്തംഭിച്ചു. എന്നിട്ട് ചോദിച്ചു.

"ഞാനാരാണെന്ന് നിനക്ക് മനസ്സിലായോ? ഞാനീ രാജ്യം ഭരിക്കുന്ന രാജാവാണ്." അതുകേട്ട് തെല്ലും കൂസലില്ലാതെ കുട്ടി വീണ്ടും പറഞ്ഞു.

“ഈ രാജ്യത്തെ മഹാരാജാവ് പിതാവിന്റെ കല്പന അനുസരിക്കരുത് എന്ന് പറയുന്നയാളാണോ?” അതോടെ രാജാവ് നിശബ്ദനായി. എന്നിട്ട് അവനെ ചേർത്തുപിടിച്ചു. “നീ മിടുക്കൻ തന്നെ. ജോലിയിലുള്ള നിന്റെ ഉത്തരവാദിത്വം തന്നെ പ്രധാന കാരണം. രണ്ടാമത് പിതാവിന്റെ കല്പന പാലിക്കാൻ നീ കാണിക്കുന്ന ചങ്കൂറ്റം. നിന്നെപ്പോലുള്ള ബാലന്മാരാണ് ഈ രാജ്യത്തിന്റെ യഥാർത്ഥ സമ്പത്ത്.” രാജാവ് നായാട്ട് മതിയാക്കി മടങ്ങിപ്പോയി. പിന്നീട് കൊട്ടാരത്തിലേക്കു വിളിപ്പിച്ച് അവന് ധാരാളം സമ്മാനങ്ങളും നൽകി.

## 26.മറ്റുള്ളവരെ സ്നേഹിക്കാൻ

തെങ്കാശിപുരത്ത് ചിദംബരൻ എന്ന ഒരു ഗായകനുണ്ടായിരുന്നു. മറ്റുള്ളവരെ സഹായിക്കുക ജീവിതപര്യയാക്കിയ ആളായിരുന്നു അദ്ദേഹം. ഒരിക്കൽ അയാൾ ദൂരദേശത്തു നിന്നും കച്ചേരി കഴിഞ്ഞ് മടങ്ങുകയായിരുന്നു. അപ്പോഴാണ് അതുവഴി പോയ ഒരു പശു കാലിടറി ചെളിയിൽ താഴുന്നത് കണ്ടത്. എത്ര ശ്രമിച്ചിട്ടും അതിന് കയറിപ്പോകാൻ കഴിയുന്നില്ല. വയലിൽ പണിയെടുത്തുകൊണ്ടിരുന്നവർ വരമ്പിൽ തടിച്ചുകൂടി. പക്ഷേ ആരും അതിനെ സഹായിക്കാൻ തയ്യാറായില്ല. എല്ലാവരും അതിന്റെ പരാക്രമം കണ്ട് രസിക്കുക മാത്രമാണ് ചെയ്തത്. ഇതെല്ലാം കണ്ടുനിന്ന ചിദംബരൻ വയലിലേക്കിറങ്ങി എന്നിട്ട് പശുവിന്റെ കയറിൽ പിടിച്ചുവലിച്ചു. കുറച്ചുസമയത്തെ കഠിനാധ്വാനത്തിനുശേഷം അതിനെ

കരയ്ക്കു കയറ്റി. വഴിപോക്കനായ ഒരുത്തന്റെ സഹായം നാട്ടുകാർക്ക് പിടിച്ചില്ല. അവർ ചിദംബരനെ കളിയാക്കാൻ തുടങ്ങി. "കണ്ടില്ലേ... ഒരു രക്ഷകൻ എത്തിയിരിക്കുന്നത്." "ഹഹ ഇങ്ങനെയൊക്കെ ചെയ്യാൻ ഞങ്ങൾക്കും അറിയാമെടോ"

"ഇവനാരാ... ലോകത്തുള്ളവരുടെയൊക്കെ സങ്കടം മാറ്റുന്നവനോ?" അത്രയും നേരം മിണ്ടാതെ നിന്ന ചിദംബരൻ പറഞ്ഞു. "അല്ല ചങ്ങാതിമാരേ... പശുവിന്റെ സങ്കടം മാറ്റാനല്ല ഞാൻ ശ്രമിച്ചത്. അത് കണ്ടപ്പോഴുണ്ടായ എന്റെ സങ്കടം മാറ്റാനാണ്."

അതോടെ നാട്ടുകാർക്ക് മിണ്ടാട്ടമില്ലാതായി. മറ്റുള്ളവരുടെ സങ്കടങ്ങളും പ്രയാസങ്ങളും നമ്മുടേതായി മാറണം.അപ്പോൾ മാത്രമേ നമുക്ക് അവരെ ശരിയായി സ്നേഹിക്കാൻ കഴിയൂ.

## 27.മടി മാറാൻ

വീരകേതു രാജാവിന്റെ പുത്രനാണ് ശ്യാമദത്തൻ. ധീരനും വീരനുമാണ് വീരകേതു. എന്നാൽ രാജകുമാരനായ ശ്യാമദത്തൻ കുഴിമടിയനും! കുമാരന്റെ അലസതയും മടിയും മാറ്റാൻ രാജാവ് പല വിദ്യകളും പ്രയോഗിച്ചു. പക്ഷേ ഒന്നും കുമാരന്റെ അടുത്ത് വിലപ്പോയില്ല."കുമാരാ... ആയുധാഭ്യാസം ചെയ്തില്ലെങ്കിൽ നിനക്ക് യോദ്ധാവാകാൻ കഴിയില്ല. മികച്ച യോദ്ധാവിനേ നാടു ഭരിക്കാൻ കഴിയൂ. അതുകൊണ്ട് നീ ആയുധാഭ്യാസം നേടിയേ തീരൂ." രാജാവ്

ശ്യാമദത്തനെ നിർബന്ധിച്ചു.ഒടുവിൽ മനസ്സില്ലാമനസ്സോടെ കുമാരൻ ആയുധക്ക ളരിയിലേക്ക് പോകും. അമ്പും വില്ലുമൊക്കെയെടുത്ത് കുറച്ചുനേരം അവിടെ ചെലവഴിക്കും, പിന്നീട് കൊട്ടാരത്തിലേക്ക് മടങ്ങുകയും ചെയ്യും. ഇത് പതിവായി. പിന്നീട് അതും കുറഞ്ഞു. രാജാവ് അന്വേഷിച്ചപ്പോൾ കുമാരൻ ചെറിയ ചെറിയ രോഗങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറാൻ തുടങ്ങി.

“വല്ലാത്ത കാലുവേദനയാണച്ഛാ, അതൊന്ന് മാറട്ടെ... ഞാൻ കളരിയിൽ പോകാം.” ദിവസങ്ങൾ കഴിഞ്ഞു. കുമാരന്റെ ‘കാലുവേദന' കുറയുന്നില്ല. രാജാവ് കൊ ട്ടാരം വൈദ്യനെ വിളിച്ചുവരുത്തി. അദ്ദേഹം പരിശോധിച്ചിട്ട് കാലിന് ഒരു കുഴപ്പവും കാണുന്നില്ല. കുമാരന്റെ മടിയാണ് എല്ലാ അസുഖങ്ങൾക്കും കാരണമെന്ന് അദ്ദേഹം കണ്ടെത്തി. പക്ഷേ വൈദ്യർ അക്കാര്യം പുറത്തു കാണിച്ചില്ല. അദ്ദേഹം പറഞ്ഞു. “കുമാരന് കാലിന് കടുത്ത രോഗമാണ്. ഞാൻ ചില പച്ചിലകൾ നിറച്ച ഒരു ഏലസ് തരാം. അതുകെട്ടി ദിവസവും നൂറ്റൊന്നു തവണ കൊട്ടാരത്തിന് വലംവയ്ക്കുക.” കുമാരൻ സമ്മതിച്ചു. ആദ്യത്തെ ദിവസം തന്നെ കുമാരൻ തളർന്ന് അവശനായി. കുമാരൻ കൊട്ടാരം വൈദ്യരുടെ അടുത്തെത്തി.

“ഹാവൂ... ഒറ്റദിവസത്തെ ചികിത്സകൊണ്ടു തന്നെ അസുഖം കുറഞ്ഞു. നാളെ മുതൽ ഞാൻ കളരിയിൽ

പോകാം." അതുകേട്ടപ്പോൾ രാജാവിനും വൈദ്യർക്കും സന്തോഷമായി. കുമാരന്റെ അസുഖം മാറ്റിയതിന് വൈദ്യർക്ക് ധാരാളം സമ്മാനങ്ങളും നൽകി.

## 28.ബഹുമാനം നേടാൻ

മഹാപണ്ഡിതനായിരുന്നു വേദവർമൻ. അദ്ദേഹത്തിന് അനേകം ശിഷ്യന്മാരും ഉണ്ടായിരുന്നു. അവരെയെല്ലാം വളരെ അടുക്കും ചിട്ടയോടെയുമായിരുന്നു അദ്ദേഹം പഠിപ്പിച്ചിരുന്നത്. എന്നാൽ കുട്ടികൾക്കൊന്നും അദ്ദേഹത്തോട് സ്നേഹമോ ബഹുമാനമോ ഉണ്ടായിരുന്നില്ല. അദ്ദേഹം പഠിപ്പിക്കുന്നതെല്ലാം കൃത്യമായി പഠിക്കും. അത്രമാത്രം. കുട്ടികൾ തന്നെ സ്നേഹിക്കണം. ബഹുമാനിക്കണം.അതിനെന്താണൊരു മാർഗം. വേദവർമൻ ചിന്തിച്ചുകൊണ്ടിരുന്നു.

അങ്ങനെയിരിക്കെ ബുധന്യാവ് എന്നൊരു സന്യാസി വേദവർമന്റെ ഗ്രാമത്തിലെത്തി. ഒരു ദിവസം അദ്ദേഹം വേദവർമന്റെ ഗുരുകുലത്തിലെത്തി. പലതും പറഞ്ഞിരിക്കുന്നതിനിടയിൽ വേദവർമൻ ശിഷ്യന്മാരെക്കുറിച്ചും പറഞ്ഞു.

"സന്യാസശ്രേഷ്ഠാ... എനിക്ക് അനേകം ശിഷ്യന്മാരുണ്ട്. പക്ഷേ ആർക്കും എന്നോട് സ്നേഹമോ ബഹുമാനമോ ഇല്ല. അത് മാറ്റിയെടുക്കാൻ എന്താണൊരു മാർഗം." അതുകേട്ട് സന്യാസി ഒന്ന് ചിരിക്കുക മാത്രം ചെയ്തു.

കുറച്ചുകഴിഞ്ഞപ്പോൾ അദ്ദേഹം കുട്ടികളെയും കൂട്ടി തൊട്ടടുത്ത പുഴക്കരയിലേക്ക് നീങ്ങി .കുറച്ചു

കുറച്ചുസമയം കഴിഞ്ഞിട്ടും സന്യാസിയെയും ശിഷ്യന്മാരെയും കാണാതെ വേദവർമൻ സങ്കടത്തിലായി.അദ്ദേഹം അവരെ തേടിയിറങ്ങി അപ്പോഴതാ സന്യാസി കുട്ടികളോടൊപ്പം പുഴയിൽ ചാടിക്കളിക്കുന്നു. "കൊള്ളാം... കുട്ടികൾക്ക് നല്ല കാര്യങ്ങൾ പറഞ്ഞു കൊടുക്കാൻ കൊണ്ടുവന്നതല്ലേ അങ്ങ്.എന്നിട്ട് അവരോടൊപ്പം കളിച്ചു രസിക്കുകയാണോ?" അദ്ദേഹം ചോദിച്ചു. "പണ്ഡിതശ്രേഷ്ഠാ കുട്ടികളോടൊപ്പം അവരിൽ ഒരാളായി വേണം അവർക്ക് അറിവ് നൽകാൻ അപ്പോഴേ അവർക്ക് ഗുരുവിനോട് സ്നേഹവും ബഹുമാനവും ഉണ്ടാകൂ." അപ്പോഴാണ് വേദവർമന് തന്റെ തെറ്റ് ബോധ്യമായത്.

## 29.ഉറുമ്പിന്റെ കരുത്ത്

ശങ്കരമംഗലം ഇല്ലത്തെ കൊമ്പനാണ് ശങ്കരൻ. ഇല്ലത്തിന്റെ തെക്കുവശത്തുള്ള പുളിമരത്തിലാണ് അവനെ തളയ്ക്കാറുള്ളത്. അവിടെനിന്ന് പനമ്പട്ട തിന്നുന്ന ശങ്കരനെ കാണാൻ പല സ്ഥലത്തുനിന്നും ആളുകൾ വരാറുണ്ട്. "ആനയായാൽ ശങ്കരനെപ്പോലെ വേണം. കുട്ടികൾക്കു പോലും അവനെ തൊട്ടു നിൽക്കാം!" ആളുകൾ പറയുന്നതുകേൾക്കുമ്പോൾ ശങ്കരന് സന്തോഷമാകും. ഉള്ളിൽ അഭിമാനം നിറയും. പക്ഷേ നാളുകൾ കഴിഞ്ഞപ്പോൾ അവൻ അഹങ്കാരിയായി മാറി.അങ്ങനെയിരിക്കെ ഒരു ദിവസം ശങ്കരൻ പനമ്പട്ട തിന്നു

രസിക്കുകയായിരുന്നു. ചുറ്റിലും കുട്ടികളും മുതിർന്നവരുമായി ധാരാളം ആളുകളുണ്ട്. അവർ ശങ്കരന്റെ കുസൃതികൾ കണ്ട് രസിച്ചുനിൽക്കുകയാണ്. ശങ്കരൻ പനമ്പട്ടയെടുക്കാൻ തുമ്പിക്കൈ ഉയർത്തിയതും അതാ ഒരു ഉറുമ്പ്!

"ഹും...ഞാൻ കഴിക്കുന്ന പനമ്പട്ടയിൽ വന്നിരിക്കാൻ നിനക്കെങ്ങനെ ധൈര്യം വന്നു. വേഗം സ്ഥലം വിട്ടോ. അല്ലെങ്കിൽ നിന്നെ ഞാൻ നിലത്തടിച്ചുകൊല്ലും." ശങ്കരൻ ക്രുദ്ധനായി.

അതുകേട്ട് പേടിച്ചുവിറച്ച ഉറുമ്പ് പനമ്പട്ടയിലൂടെ തലങ്ങും വിലങ്ങും പാഞ്ഞു. പക്ഷേ അവന് പുറത്തുകടക്കാൻ കഴിഞ്ഞില്ല. ഉറുമ്പ് തന്നെ കളിയാക്കുകയാണെന്നാണ് ആന കരുതിയത്. അവൻ പനമ്പട്ട കൈയിലെടുത്ത് നിലത്തിനിട്ട് ആഞ്ഞടിച്ചു. പക്ഷേ പനമ്പട്ടയിൽനിന്നും തെറിച്ചുപോകാതെ ഉറുമ്പ് പിടിച്ചുനിന്നു.ഹും... ഇവനെ ഒരു പാഠം പഠിപ്പിക്കണം.' കോപിഷ്ഠനായ ഉറുമ്പ് ശങ്കരന്റെ തുമ്പിക്കൈയിലേക്കു കയറി.അതോടെ അവൻ പരിഭ്രാന്തനായി. "യ്യോ... എന്നെ ഉപദ്രവിക്കരുതേ..." ശങ്കരൻ ഓടാനും ചാടാനും തുടങ്ങി. പേടിച്ചരണ്ട് ആളുകൾ നാലുപാടും പാഞ്ഞു. അതോടെ ആനക്കാരൻ ശങ്കരനെ കൂച്ചുവിലങ്ങിട്ടു. അടു ത്തദിവസം അതുവഴി വന്ന ഉറുമ്പ് പറഞ്ഞു. "കേവലം ഒരുറുമ്പ് വിചാരിച്ചാലും ആനയ്ക്ക് കൂച്ചുവിലങ്ങിടാൻ കഴിയുമെന്ന് മനസ്സിലായില്ലേ? അഹങ്കരിക്കാതെ നല്ലവനായി ജീവിക്കുക." അതുകേട്ട് ശങ്കരൻ തല താഴ്ത്തി നിന്നു.

# 30 മോതിരത്തിന്റെ മഹത്വം

ഗുജറാത്തിലെ ഒരു ഗ്രാമത്തിൽ മല്ലയ്യ എന്നൊരു പണക്കാരൻ താമസിച്ചിരുന്നു. അമിതപലിശയ്ക്ക് പണം നൽകിയാണ് അയാൾ സമ്പന്നനായത്.

ഒരിക്കൽ മല്ലയ്യ പലിശ പിരിക്കാനിറങ്ങിയതായി രുന്നു. നേരം ഇരുട്ടിത്തുടങ്ങി. കൈയിലാണെങ്കിൽ വെളിച്ചവുമില്ല. പെട്ടെന്ന് അയാൾ ഒരു കല്ലിൽത്തട്ടി തൊട്ടടുത്തുള്ള വലിയ കുഴിയിലേക്ക് പതിച്ചു. ഭാഗ്യത്തിന് ഒരു വേരിൽ പിടിത്തം കിട്ടി. താഴെ വീണാൽ കഥ കഴിഞ്ഞതുതന്നെ. അപ്പോഴാണ് വേരിനു മുകളിലായി കുഴിയിലേക്ക് ചാഞ്ഞുനിൽക്കുന്ന ഒരു മരക്കൊമ്പ് കണ്ടത്. "ഈശ്വരാ അതിൽ പിടികിട്ടിയാൽ രക്ഷപ്പെടാമായിരുന്നു." മല്ലയ്യ കെയെത്തിച്ചുനോക്കി. എത്തിയില്ല. പക്ഷേ അത്ഭുതമെന്നേ പറയേണ്ടു... ആ കൊമ്പ് പതിയെ താഴേക്കു ചാഞ്ഞുവന്നു. അതിൽ പിടിച്ച് ഒരുവിധം മല്ലയ്യ മുകളിലെത്തി. അപ്പോഴാണ് മരത്തിനു ചുവട്ടിലിരിക്കുന്ന സ്വാമിയെ മല്ലയ്യ കണ്ടത്. സ്വാമിയു പ്രാർത്ഥനയും തപസ്സും കണ്ടപ്പോൾ മല്ലയ്യക്ക് ചിരി പൊട്ടി. "ഇത്ര കഷ്ടപ്പെട്ട് തപസ്സുചെയ്തിട്ട് എന്താണ് മൂപ്പീന്നേ കാര്യം. കണ്ടില്ലേ... സമ്പന്നനായതിനാൽ മരംപോലും എനിക്ക് വഴങ്ങിത്തന്നത്." അതുകേട്ട് സ്വാമി കണ്ണുതുറന്നു. എന്നിട്ട് ചോദിച്ചു."നിങ്ങൾ വിരലിൽ അണി ഞ്ഞിരിക്കുന്ന മോതിരം ആരുടേതാണ്?"

ആദ്യമൊന്നു ചമ്മിയെങ്കിലും മല്ലയ്യ പറഞ്ഞു.

“പണം വാങ്ങിയിട്ട് പലിശയും മുതലും തരാൻ കഴിവില്ലാതെ നടക്കുന്ന ഒരുത്തന്റെയാ...” അതുകേട്ട് സ്വാമി പുഞ്ചിരിയോടെ പറഞ്ഞു.

“എങ്കിൽ കേട്ടോളൂ. ആ മരക്കൊമ്പ് താണുവന്നത് നിങ്ങളുടെ മഹത്വം കൊണ്ടല്ല. നിങ്ങൾ വിരലിൽ അണിഞ്ഞിരിക്കുന്ന മോതിരത്തിന്റെ മഹത്വംകൊണ്ടാണ്.” അതുകേട്ട് മല്ലയ്യ ഞെട്ടി. അയാളുടെ മോതിരത്തിന് ഇത്രയേറെ മഹത്വമുണ്ടെങ്കിൽ അയാൾക്ക് എത്ര മഹത്വ മുണ്ടാകും.

പണത്തിലല്ല, ചെയ്യുന്ന പ്രവൃത്തികളിലൂടെയാണ് ഒരാളുടെ മഹത്വം വെളിവാക്കുന്നത്.സ്വാമി പറഞ്ഞത് സത്യമാണെന്ന് മല്ലയ്യക്ക് മനസ്സിലായി. അയാൾ സ്വാമിയുടെ കാലിൽ വീണ് മാപ്പിരുന്നു. പിന്നീട് പണത്തോടുള്ള ആർത്തി ഉപേക്ഷിച്ച് നന്മ ചെയ്ത് മല്ലയ്യ സന്തോഷത്തോടെ കഴിഞ്ഞു.

## 31.കാവതിയുടെ കൂട്

കൂടൊരുക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു കാവതി കാക്കയും ചങ്ങാതിമാരും. തത്തെയും കുരുവിയും മൈനയും മരംകൊത്തിയുമെല്ലാം ആ കൂട്ടത്തിലുണ്ടായിരുന്നു. അവർ ഓരോരുത്തരും പറ്റിയ മരക്കൊമ്പുകൾ തേടിനടന്നു. പലരും പല കൊമ്പുകളിൽ കൂടുകൂട്ടാൻ തുടങ്ങി. പക്ഷേ കാവതിയ്ക്കു മാത്രം ഒരു മരവും ഇഷ്ടപ്പെട്ടില്ല. അങ്ങനെ അവൾ കാട്ടിലെ ഏറ്റവും ഉയരമുള്ള മരത്തിന്റെ അടുത്തെത്തി. "വേണ്ട... ഈ മരത്തിൽ

കൂടുവച്ചാൽ ശക്തിയായ കാറ്റേൽക്കാൻ സാധ്യതയുണ്ട്.' അവൾ മറ്റൊരു മരത്തിലേക്കു പറന്നു. "കാവതീ. എവിടെയെങ്കിലും കൂടുവയ്ക്ക്..." അതിന് എന്താണിത്ര പരിശോധിക്കാനുള്ളത്...

മൈന ചോദിച്ചു."അവൾ സൗന്ദര്യമുള്ള മരംതേടി നടക്കുകയല്ലേ. തപ്പി പിടിക്കട്ടെ." മരംകൊത്തിയും ഒപ്പം ചേർന്നു. അതൊന്നും ശ്രദ്ധിക്കാതെ അവൾ അടുത്ത മരത്തിലേക്കു പറന്നു.

"ഇതു കൊള്ളാം. നല്ല മരം തന്നെ.ഇതിൽ കൂടു കൂട്ടിയേക്കാം! പക്ഷേ അപ്പോഴാണ് അവൾ ശ്രദ്ധിച്ചത്. തടിയുടെ മധ്യത്തിൽ ഒരു പോട്. "ഹോ... വേണ്ട... വേണ്ട.. ഈ മരം എപ്പോൾ വേണമെങ്കിലും ഒടിഞ്ഞുവീഴാം.' അങ്ങനെ ഒടുവിൽ അവൾ കാട്ടാറിനരികിൽ ഒരു കൊച്ചുമരത്തിൽ കൂടുവച്ചു. അപ്പോൾ മറ്റു കിളികൾ കളിയാക്കി.

"ഹഹഹ... കാടു മുഴുവനും അലഞ്ഞുനടന്നിട്ട് കാവതിക്ക് കിട്ടിയ മരം കണ്ടില്ലേ?" അതൊന്നും കാക്കപ്പെണ്ണ് ശ്രദ്ധിച്ചില്ല. അവൾ കൂട്ടിൽ മുട്ടയിട്ട് അതിൽ അടയിരുന്നു.

ദിവസങ്ങൾ കഴിഞ്ഞു.ഒരു ദിവസം കാട്ടിൽ ശക്തിയായ കാറ്റടിച്ചു. കനത്ത മഴയും. മരക്കൊമ്പുകൾ പലതും ഒടിഞ്ഞുവീണു. കിളിക്കൂടുകൾ പലതും പറന്നു പോയി. പക്ഷേ കാവതിയുടെ കൂടിനു മാത്രം ഒന്നും സംഭവിച്ചില്ല. അതുകണ്ട് കൂട്ടുകാർ പറഞ്ഞു: "നിന്നെപ്പോലെ ദീർഘദൃഷ്ടിയോടെ കാര്യങ്ങൾ ചെയ്യാത്തതാ

ഞങ്ങൾക്കു പറ്റിയ കുഴപ്പം. ഇനി മുതൽ ഞങ്ങളും എന്തും നന്നായി ആലോചിച്ചിട്ടേ ചെയ്യൂ..."

## 32.കുക്കുടുമുയലും താമരപ്പൂവും!

കുക്കുടുമുയൽ രാവിലെ നടക്കാനിറങ്ങിയതാണ്. അപ്പോഴാണ് ഒരു കുളത്തിൽ നിറയെ താമരപ്പൂക്കൾ കണ്ടത്.

"ഹായ്... എന്തുരസം... അതിൽനിന്നും ഒരു പൂവ് കിട്ടിയിരുന്നെങ്കിൽ..." അവൻ അതുവഴി വന്ന കണ്ണൻ കരടിയോടു പറഞ്ഞു. "കരടിച്ചേട്ടാ... കരടിച്ചേട്ടാ... ഈ കുളത്തീന്ന് എനിക്കൊരു താമരപ്പൂ പറിച്ചുതരുമോ." കണ്ണൻ കരടി ഒരു താമരപ്പൂവ് പറിച്ച് കുക്കുടമുയലിന് നൽകി. കണ്ണൻകരടി പോയപ്പോൾ കുക്കുടുവിന് ഒരാഗ്രഹം.

"കുളത്തിൽ ഇനിയും ധാരാളം പൂക്കളുണ്ടല്ലോ. കുറച്ചു പൂക്കൾകൂടി പറിച്ചാൽ ഒരു വലിയ മാല തീർക്കാം. അത് കഴുത്തിലിട്ടു ഞെളിഞ്ഞു നടക്കുകയും ചെയ്യാം." കുക്കുടു കുളത്തിലേക്കിറങ്ങാൻ തുടങ്ങി.അതെല്ലാം തൊട്ടടുത്ത മരത്തിലിരുന്ന് കുങ്കൻ കുരങ്ങൻ കാണുന്നുണ്ടായിരുന്നു. അവൻ പറഞ്ഞു. "അരുത് കുക്കുടൂ... ആഴമുള്ള കുളമാ. അതിലിറങ്ങുന്നത് വലിയ ആപത്താണ്. കയറിപ്പോരാൻ കഴിയില്ല. പക്ഷേ ആരു കേൾക്കാൻ? കുക്കുടു കുളത്തിലേക്കിറങ്ങി. "ബ്ലും. ബ്ലും..."

അവൻ വെള്ളത്തിൽ താണു.

"യ്യോ... എന്നെ രക്ഷിക്കണേ... രക്ഷിക്കണേ..."

കുക്കുടു ഉറക്കെ കരഞ്ഞു.

കുങ്കൻ കുരങ്ങൻ ഓടിയെത്തി അവനെ വലിച്ചു കയറ്റി.നാണിച്ചുപോയ കുക്കുടു മുയൽ അവിടെ നിന്നും സ്ഥലം വിട്ടു.